# ബാലവേല ഇൻഡ്യയിൽ

ദിവ്യ കെ. (ബി.എ.ഇംഗ്ലീഷ്, രണ്ടാം വർഷം)

യു.എന്നിന്റെ ജനറൽ അസംബ്ലി (20-11-1959) യുടെ വിജ്ഞാപന പ്രകാരം കുട്ടികൾക്ക് പോഷകാഹാരത്തിനും ആരോഗ്യ പരിരക്ഷണത്തിനും നിർബന്ധവും സൗജന്യവുമായ വിദ്യാഭ്യാസത്തിനും കളിക്കാനും വിനോദങ്ങളിലേർപ്പെടാനുമുള്ള അവസരങ്ങൾക്കും അവകാശമുണ്ടെന്ന് ഉറപ്പു വരുത്തുന്നു. എന്നാൽ ബാലവേല ഇത്തരത്തിലുള്ള കുട്ടികളുടെ വളർച്ചയ്ക്കും വികാസത്തിനും തടസ്സമാണ്.

## നിർവചനം - ബാലവേല

'ബാലവേല'യെക്കുറിച്ചും കുട്ടികളെക്കുറിച്ചും നിർവചനത്തിന്റെ കാര്യത്തിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. 1989 - ഗവ വിജ്ഞാപന പ്രകാരം 18 വയസ്സിൽ താഴെയുള്ളവരെ കുട്ടികളായി പരിഗണിക്കുന്നു. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ILO) ഈ പരിധി 15 ആയി കാണുന്നു. എന്നാൽ സെൻസസ് ഓഫ് ഇന്ത്യ പ്രകാരവും Child Laour (Prohibition and Regulation) Act 1986 പ്രകാരവും പതിനാലു വയസ്സിൽ താഴെയുള്ള കുട്ടി ഒരു ദിവസത്തിന്റെ മേജർ ഭാഗവും ജോലിയിൽ ചെലവഴിക്കുകയും ചെയ്താൽ മാത്രമേ ബാല വേല ആകുകയുള്ളൂ. ഇങ്ങനെ നിർവചനങ്ങളിൽ വ്യത്യസ്തമാണെങ്കിലും ഇന്ന് ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളും ബാലവേല ഒരു സാമൂഹ്യ തിന്മയും കുറ്റകരമായ പ്രവർത്തിയുമായി കണക്കാക്കുന്നു.

## ഇന്ത്യയുടെ അവസ്ഥ

1991 - ലെ സെൻസസ് പ്രകാരം 16.5 മില്യൺ ബാലവേലക്കാർ ഇന്ത്യയിൽ ഉണ്ടെന്ന് വെളിപ്പെടുത്തുന്നു. ബാലവേലക്കാർ ഇന്ത്യയുടെ മൊത്തം തൊഴിൽ ശക്തിയിൽ സംഭാവന ചെയ്യുന്നത് 3.59% ആണ്. ബാല വേലയുടെ കാര്യത്തിൽ ഏറ്റവും മുൻപന്തിയിൽ ആന്ധ്രാപ്രദേശും ഏറ്റവും താഴെ പശ്ചിമ ബംഗാളുമാണ്. 1995 ലെ Commison on Labour Standards and International Trade പ്രകാരം ഇന്ത്യയിൽ ബാലവേല നാലു ശതമാനം കണ്ട് ഓരോ വർഷവും വർദ്ധിക്കുന്നു!.

> സാമൂഹ്യമാറ്റം ചരിത്രത്തിന്റെ താളുകളിൽ കാമ്പസ്സിൽ നിന്നാണ് തുടക്കം കുറിച്ചിരിക്കുന്നത്. ബാലവേലക്കന്ത്യവും നമ്മുക്കുതന്നെ തുടങ്ങാം.

ഇന്ത്യയിൽ ബാലവേലക്കാരിൽ അധികവും ഗ്രാമങ്ങളിലും 60% കുട്ടികൾ 10 വയസ്സിന് താഴെയുള്ള വരുമാണ്. ബാലവേലകൾ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത 23% വ്യാപാര രംഗത്തും 36% വീട്ടു ജോലികളിലും ഗ്രാമപ്രദേശങ്ങളിൽ കുട്ടികൾ വയലുകളിലും മറ്റു കാർഷിക മേഖലകളിലും ധാരാളമായി ജോലിയെടു

ക്കുന്നു. മത്സ്യബന്ധനം, ശുചീകരണ പ്രക്രിയകൾ, അല ക്കൽ, വെള്ളം കോരൽ, കുട്ടികളെ പരിരക്ഷിക്കൽ, പാച കം, വിറക് ശേഖരിക്കൽ, ബീഡി നിർമ്മാണം എന്നി ങ്ങനെ നീളുന്നു അവരുടെ തൊഴിൽ മേഖലകൾ. നഗര പ്രദേശങ്ങളിൽ ചെറിയ വർക്ക് ഷോപ്പുകളിലും റിപ്പയർ ഷോപ്പുകളിലും കാന്റിൻ, ഹോട്ടലുകൾ, ഷൂ പോളിഷിം ഗ്, തൂപ്പുകാർ.... എന്നിങ്ങനെ വിവിധ മേഖലകളിൽ അണി നിരക്കുന്ന കുട്ടികളുടെ സ്ഥിതി വളരെ പരിതാപകരമാ ണ്.



## ബാലവേലയുമായി ബന്ധപ്പെട്ട സാമൂഹ്യ ഘടകങ്ങൾ

ദാരിദ്ര്യമാണ് ബാലവേലയുമായി ബന്ധപ്പെട്ട പ്രധാന ഘടകം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ "ജീവനുള്ള സ്വത്താ'യാണ് കുട്ടികളെ കണ്ടുവരുന്നത്. കുറച്ചു കൃഷിസ്ഥലം മാത്രം സ്വന്തമാ യുള്ള കൃഷിക്കാർ മറ്റു തൊഴിലാളികളെ ജോലിക്ക് വെയ്ക്കാൻ സാധിക്കാത്തതിനാൽ സ്വന്തം മക്കളെ ത്തന്നെ പണി സ്ഥലത്തേക്കയക്കുന്നു. സാമ്പത്തിക സമ്പാദനത്തിനായി അവർ കുട്ടികളെ അയൽവക്ക ത്തേക്കും അയക്കുന്നു. ദാരിദ്രത്തിനു പുറമെയുള്ള മറ്റു കാരണങ്ങളിലൊന്നാണ് കുടുംബത്തിലുള്ള മുതിർന്ന വരുടെ മരണം. ഇതുമൂലം പ്രായം കുറഞ്ഞ കുട്ടികൾ അന്നം തേടിയിറങ്ങേണ്ട അവസ്ഥ വന്നുചേരുന്നു.

മാതപിതാക്കളുടെ വിദ്യാഭ്യാസമില്ലായ്മയും സാമൂഹ്യ മായ അവബോധമില്ലായ്മയും ബാലവേലകൾക്ക് മറ്റൊരു കാരണമായി മാറുന്നു. സ്ഥിരവരുമാനക്കാരായ കുട്ടികളെ അവർ സ്കൂളുകളിലേക്കയക്കാൻ തയ്യാറല്ല.

യാഥാസ്ഥിതിക കാഴ്ചപ്പാടുള്ളവർ ഇന്നും ബാലവേ ലയെ പ്രോത്സാഹിപ്പിക്കുന്നു. ഇതിന് കാരണങ്ങളായി ചൂണ്ടിക്കാണിക്കുന്നത്,

1. കുറഞ്ഞ പ്രതിഫലത്തിൽ ജോലിയെടുക്കുന്നവരാണ് കുട്ടികൾ
2. തൊഴിൽ ദാതാവിന്റെ അഭിപ്രായത്തിനപ്പുറമായി കുട്ടി കൾ പ്രവർത്തിക്കില്ല.
3. കുട്ടികൾ ഒരിക്കലും തൊഴിലാളി യൂനിയനുകളോ സമ രങ്ങളോ ചെയ്യുകയില്ല.
4. കുട്ടികളെ ജോലിയിലെടുക്കാനും പിരിച്ചുവിടാനും എളുപ്പമാണ്.

ഇങ്ങനെ പ്രതികരിക്കാനറിയാത്ത ഒരു പറ്റം കുഞ്ഞു ങ്ങളെ ചൂഷണം ചെയ്യുന്നത് ശരിയോ ?

## ബാലവേലയുടെ പരിണിത ഫലങ്ങൾ

കുട്ടിക്കാലം നന്നായിരുന്നാൽ അതിന്റെ ഗുണം മനു ഷ്യന്റെ തുടർന്നുള്ള ജീവിതത്തിൽ പ്രതിഫലിക്കും. കുട്ടി ക്കാലത്താണ് കുട്ടികൾ വ്യക്തിത്വം രൂപപ്പെടുത്തിയെടു ക്കുന്നത്. അവർ മനുഷ്യ ഗുണങ്ങളുള്ളവരുമായി തീരു ന്നത്.

ബാലവേല കുട്ടികളുടെ അവകാശങ്ങളെ നിഷേധി ക്കുന്നു. ഇത് കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസം നിൽക്കുന്നു. കുട്ടികൾക്ക് സ്കൂളിൽ പോകുന്നതിനോ വിദ്യാഭ്യാസത്തോടുള്ള താത്പര്യം വളർത്തിയെടുക്കുന്ന തിനോ ബാലവേല മൂലം സാധിക്കാതെ വരുന്നു. വിദ്യാ ഭ്യാസത്തിന്റെ അഭാവം കുട്ടികളുടെ കഴിവുകളും അറി വുകളും വളർത്തുന്നതിന് തടസ്സമാകും. ബാലവേല കുട്ടിയെ ശരീരികമായി മുരടിപ്പിക്കുകയും തളർത്തുകയും അതുമൂലം പ്രായമാകുമ്പോൾ പണിയെടുക്കാനോ സാമ്പാദിക്കുന്നതിനോ സാധിക്കാതെ വരുന്നു. തന്മൂലം സ്വന്തം മക്കളെ വേലയ്ക്കയക്കാൻ രക്ഷിതാവ് നിർബ ന്ധിതനാവുന്നു.


ബാലവേലക്കാർ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം ശാരീരികമായും മാനസികമായും അനാരോഗ്യം ആണ്. ഉദാഹരണമായി കയറ്റുപായ നിർമ്മാണത്തി ലേർപ്പെട്ടിരിക്കുന്ന കുട്ടി മണിക്കൂറുകൾ ഇരുന്നുകൊണ്ട് ജോലി ചെയ്യുമ്പോൾ അവന്റെ ശാരീരിക ഘടനയെ ത്തന്നെ പ്രതികൂലമായി ബാധിക്കുന്നു. മറ്റൊരുദാഹര ണമായി കാണാവുന്നത് ബീഡി നിർമ്മാണത്തിലേർപ്പെ ട്ടിരിക്കുന്ന കുട്ടിക്ക് കണ്ണുകളുടെ സ്ഥാനമാറ്റം, ഭാവിയിൽ ട്യൂബർക്കുലോസിസ് മുതലായ രോഗങ്ങൾ വളരെ ദൂര ത്തല്ല എന്നതുതന്നെയാണ്. ഗ്ലാസ് ഇൻഡസ്ട്രിയിലും, കരിങ്കൽ ക്വാറിയിലും, സ്ലേറ്റ് നിർമ്മാണത്തിലും ഏർപ്പെ ട്ടിരിക്കുന്ന കുട്ടികൾക്ക് 'സിലിക്കോസിസ്' രോഗം പിടി പെടുന്നു. അങ്ങനെ ഒരു രാജ്യത്തിന്റെ ഭാവിയെത്തന്നെ അപകടത്തിലാക്കുകയാണ് ബാലവേല പ്രോത്സാഹിപ്പി ക്കുന്നതിലൂടെ നമ്മൾ ചെയ്യുന്നത്.

ബാലവേലയെ ഇല്ലാതാക്കുന്നതിനുള്ള നിയമങ്ങൾ നിലവിൽ ഉണ്ടെങ്കിൽ പോലും ഇന്ത്യയിൽ ബാലവേല ക്കാർ ഏറി വരുന്നു. ഇതിനുകാരണമായി വിലയിരു ത്താൻ കഴിയുന്നത് ഉദ്യോഗസ്ഥവൃന്ദങ്ങളുടെ കൈക്കൂലി വാങ്ങലും അനാസ്ഥയുമാണ്. അപ്രധാനമായ മേഖല കൾ ഉദാഹരണമായി കാർഷിക രംഗം, വീട്ടുവേല എന്നി വിടങ്ങളിൽ ജോലിചെയ്യുന്ന കുട്ടികളെ കണ്ടെത്തുക എന്നത് വളരെ വിഷമകരമാണ്. ദാരിദ്ര്യം മൂലം ജോലി ക്കിറങ്ങുന്ന കുട്ടികളെ തടയാനുള്ള പ്രായോഗികത ഇന്നി ല്ല. ഭരണഘടനയുടെ Articles 51 (A) പ്രകാരം കുട്ടികൾക്ക് വിദ്യാഭ്യാസം നൽകേണ്ടത് ഉത്തരവാദിത്വമാണ്. ഇതു മാത്രം നടപ്പാക്കാൻ കഴിഞ്ഞാൽ തന്നെ ഇവിടെ ബാല വേലകൾ കുറയും. പക്ഷെ വിദ്യാഭ്യാസ ചെലവ് ഏറിവ രുന്ന ഈ കാലഘട്ടത്തിൽ ഇതും പ്രയാസം തന്നെ.

ഇനി ഉണരേണ്ടത് നമ്മളാണ്. കാമ്പസിന്റെ തുടി ക്കുന്ന ഹൃദയം. സാമൂഹ്യമാറ്റം ചരിത്രത്തിന്റെ താളുക ളിൽ കാമ്പസ്സിൽ നിന്നാണ് തുടക്കം കുറിച്ചിരിക്കുന്നത്. ബാലവേലക്കന്ത്യവും നമ്മുക്കുതന്നെ തുടങ്ങാം.

## വിടരും മുൻപേ കൊഴിയുന്നവർ

ഹബീറ സി (ബി.എസ്.സി. കെമിസ്ട്രി, ഒന്നാം വർഷം)



കുട്ടികളാണ് നല്ല പട്ടാളക്കാർ എന്നതിൽ ആർക്കും സംശയം കാണില്ല. കാരണം അവർ ഉത്തരവുകൾ അതേപടി പാലിക്കും. ഉത്തരവുകളിൽ സംശയമോ, ചോദ്യമോ അവർക്കുണ്ടാവില്ല. ലോകത്തുടനീളം 3 ലക്ഷം കുട്ടിപ്പട്ടാളക്കാർ ഉണ്ടെന്നാണ് Human Right Natch-ന്റെ കണക്കു കൂട്ടൽ. ഇതിൽ പ്രധാനം മ്യാൻമാറും ശ്രീലങ്കയുമാണ്. ഭീകരവാദികൾ കുട്ടികളെ ചെറുപ്പം മുതലേ ശത്രുവിനെതിരെ പോരാടാൻ പഠിപ്പിക്കുന്നു. ഏറ്റുമുട്ടലുകൾക്കാഗ്രഹമുണ്ടായിട്ടല്ല. ശാരീരികമായ പീഡനങ്ങളെ പേടിച്ചാണിവർ തോക്കെടുക്കുന്നത്. യുദ്ധങ്ങളിൽ ഇവർ മരിച്ചു വീഴുകയോ മുറിവേൽക്കപ്പെടുകയോ ചെയ്യുന്നു. കുട്ടിക്കാലമില്ലാത്ത കുട്ടികളാണിവർ.

❖

**ഭീകരവാദികൾ കുട്ടികളെ ചെറുപ്പം മുതലേ ശത്രുവിനെതിരെ പോരാടാൻ പഠിപ്പിക്കുന്നു.**

## ഭ്രൂണഹത്യ – മാനവരാശിക്കൊരു കൊലക്കയർ!

റെനീഷ് ജോസഫ് (ബി.ബി.എ. രണ്ടാം വർഷം)

കാലിക പ്രസക്തമായ പ്രശ്നങ്ങളിൽ ഭ്രൂണഹത്യ വളരെ വിശാലമായതും സ്ഫോടനാത്മകമായ കാര്യങ്ങൾ ഉറങ്ങിക്കിടക്കുന്നതുമായ വിഷയമാണ്. ഇത് ഒരു സാമൂഹ്യ പ്രശ്നത്തേക്കാളേറെ ജീവിതവും മരണവും തമ്മിലുള്ള ഏറ്റുമുട്ടലാണ്.


ഭ്രൂണഹത്യ രണ്ട് വീക്ഷണങ്ങളുടെ സംഘട്ടനമാണ്. The Humanistic world view – പറയുന്നത് മനുഷ്യനാണ് ഏറ്റവും ഉന്നതിയിൽ നിൽക്കുന്നതെന്നും അതിനാൽ തന്നെ അവന് ഇഷ്ടമുള്ളത് പ്രവർത്തിക്കാമെന്നുമാണ്. എന്നാൽ മതങ്ങളുടെ കാഴ്ചപ്പാട് ദൈവമാണ് ജനനവും മരണവും നിശ്ചയിക്കുന്നതെന്നും അതിനാൽ തന്നെ മനുഷ്യന് ഈ പ്രക്രിയയിൽ പരമാധികാരം ഇല്ല എന്നുമാണ്. പക്ഷെ ജനങ്ങൾക്ക് സ്വാതന്ത്ര്യമായി പരിണിത ഫലങ്ങൾ ഇല്ലാതെ ലൈംഗിക ജീവിതം നയിക്കുകയും വേണം. നമ്മുടെ സംസ്കാരവും ജീവിതശൈലിയും എല്ലാം അതിനനുസൃതമായി നിർമ്മിക്കപ്പെട്ടവയാണ്. അതിനാൽ ഭ്രൂണഹത്യയെ ഇതിന്റെ പരിണിത ഫലങ്ങൾ മായ്ച്ചു കളയാനുള്ള ഇറെയ്സർ ആയിട്ടാണ് കാണുന്നത്. ചിലപ്പോൾ ഇങ്ങനെ ചെയ്യേണ്ടിവരുന്നത് മറ്റാരുടെയോ പാപം നിമിത്തമാകാം. പക്ഷെ ഇത് ഒരു കുഞ്ഞിന്റെ അഥവാ മാനവരാശിയുടെ തന്നെ കൊലപാതകത്തെ ന്യായീകരിക്കുന്നുണ്ടോ ?

> മനുഷ്യരുടെയും പ്രകൃതിയുടെയും തന്നെയും ജീവിത യാത്രയെ തളച്ചിടാൻ പോന്നത്ര ഭയാനകവും ക്രൂരവുമാണ് ഭ്രൂണ ഹത്യ. നാം അറിയാതെ ഭ്രൂണ ഹത്യയെ ആധുനിക ശാസ്ത്രത്തിന്റെ നാഴികക്കല്ലെന്നു പറഞ്ഞ് പിൻതാങ്ങിയാൽ നഷ്ടമാവുന്നത് നമ്മുടെ തലമുറയെത്തന്നെയാവും

### നിയമ പ്രശ്നങ്ങൾ

ഭ്രൂണഹത്യ ലോകത്തിൽ രാഷ്ട്രീയ പരവും നിയമപരവുമായ ഒരുപാട് പ്രശ്നങ്ങൾക്ക് തിരിതെളിച്ചു കൊണ്ടിരിക്കുന്നു. ഇന്ത്യയിൽ 1971 ൽ Medical Termination of Pregnancy Act (MTP) നിയമമായതോടുകൂടിയാണ് ഭ്രൂണഹത്യയ്ക്ക് നിയമത്തിന്റെ പരിരക്ഷ കിട്ടിയത്. ഈ നിയമം 1-4-1972 ന് നിലവിൽ വന്നു. ഇതിന് മുമ്പായി സ്ത്രീയുടെ ജീവൻ അപകടത്തിലായിരിക്കുന്ന സമയം ഭ്രൂണഹത്യക്ക് ഐ.പി.സി. പ്രകാരം അനുവാദമുണ്ടായിരുന്നു....

MTP Act of 1971 മൂലം IPC യുടെ വകുപ്പിനെ മറികടന്നുകൊണ്ട് മറ്റുപല കാരണങ്ങൾ കൊണ്ടും ഭ്രൂണഹത്യ നടത്താൻ അനുമതി കിട്ടി. ഈ നിയമം മൂലം ഗർഭം ധരിക്കുന്ന സ്ത്രീക്ക് അത്




വഹിക്കുന്നതുകൊണ്ട് എന്തെങ്കിലും അപകട ഭീഷണി ഉണ്ടെങ്കിലോ ജനിക്കാൻ പോകുന്ന കുട്ടിക്ക് മാരക രോഗങ്ങളോ അംഗ വൈകല്യം ബാധിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുകയോ ചെയ്താൽ ഭ്രൂണഹത്യ നടത്താം.

ഇതിന്റെ പരിണിത ഫലമെന്ന വണ്ണം ഇന്ത്യയിൽ പെൺകുട്ടികളുടെ ജനനം 20 ശതമാനം (Panjab, Hariyana, Himachal Pradesh, Gujarath) കുറവാണ് ആൺകുട്ടികളെ അപേക്ഷിച്ച്.

0 - 6 വരെയുള്ള ആൺ കുട്ടികളുടെ Ratio 1991-ൽ പെൺകുട്ടികൾ 945 ഉം ആൺകുട്ടികൾ 1000 എന്നുള്ളത്. 2001 Census പ്രകാരം 1000 ത്തിന് 927 ആയി കുറഞ്ഞു. International Institute of population science - Bombay, 6 വയസ്സിന് താഴെയുള്ള കുട്ടികളെ കുറിച്ച് പറയുന്നത് സിറ്റികളിലും ടൗണുകളിലുമാണ് ശതമാനം വളരെ കുറയുന്നതെന്നാണ്.

## ഭ്രൂണഹത്യയിലേക്ക് വഴിതെളിക്കുന്ന പ്രധാന കാരണങ്ങൾ

### 1. പുരുഷ മേധാവിത്തം

ഏകദേശം 1000 – 1500 BC (Vedic Age) സ്ത്രീകളെ ആരാധിച്ചിരുന്നവരായിരുന്നു. എങ്കിൽ 1026-1756 AD കാലത്ത് അവരുടെ വില സമൂഹത്തിൽ അധപതിക്കുകയും ഇങ്ങ് ബ്രിട്ടീഷ് ഭരണ കാലത്ത് വെറും അടിമകളായി സ്ത്രീകളെ കാണുകയും മാറുമറയ്ക്കൽ സമരം ചെയ്തിരുന്നു. എന്നാൽ ഇന്ന് ആധുനികതയുടെ കളിതൊട്ടിലിൽവെക്കാൻ പോലും പെൺകുട്ടികളെ അനുവദിക്കാതെ എം.ബി.ബി.എസ്. അരാച്ചാർമാർ വിളയാടുന്നു.

### 2.തെറ്റായ സാമൂഹ്യ വീക്ഷണം

ആൺ കുട്ടികൾ ഉണ്ടായാൽ കുടുംബം ഭദ്രമായി എന്ന് വിചാരിക്കുന്ന അജ്ഞരാണധികവും. കുട്ടിക്കാലം മുതലേ ജോലിക്കയച്ച് അവനെ ഒരു നിത്യ വരുമാനക്കാരനാക്കി മാറ്റാം എന്നു കരുതുന്നവരും ഇന്ന് ധാരാളമാണ്. പെൺകുട്ടികൾ പൊതുവെ ബലഹീനരും അടുക്കളയിൽ ഒതുങ്ങേണ്ടവരുമാണെന്ന് സമൂഹം വരുത്തിവെച്ച വിഡ്ഢിത്തങ്ങളാണ്. ഇതിന് ഉപോദ്ബലമായി നിലകൊള്ളുന്നത്.

### 3. വർദ്ധിച്ചു വരുന്ന സ്ത്രീ ധനം

നിയമം മൂലം നിരോധിച്ചെങ്കിലും സാധാരണക്കാരന്റെ ഭാഷയിൽ "പുര നിറഞ്ഞു നിൽക്കുന്ന പെണ്ണി'നെ പറഞ്ഞയക്കാൻ ലക്ഷങ്ങൾ കൊടുത്തേ മതിയാവൂ. ഇവിടെയാണ് പെൺ ഭ്രൂണഹത്യ ഏറിവരുന്നത്. വ്യക്തതയ്ക്കു വേണ്ടിയീ പരസ്യവാചകം..". **"Better Rs. 5000 now than Rs. 5 Lakhs later".**

### 4. ലിംഗ നിർണയം

കുട്ടി ആണോ പെണ്ണോ എന്നറിയാൻ Fonography, Tetoscopy തുടങ്ങിയ ലിംഗ നിർണയ സംവിധാനങ്ങൾ നിയമ നിരോധനമുണ്ടെങ്കിലും ഇന്ന് വ്യാപകമാണ്. ന്യൂക്ലിയർ കുടുംബ പശ്ചാത്തലത്തിൽ കുട്ടികളെ തിരഞ്ഞെടുക്കുന്നത് ഈ ഉപകരണങ്ങൾ വഴിയാണ്.

### 5. കുത്തഴിഞ്ഞ ജീവിതം

മൃഗ തുല്യമായി ജീവിക്കുന്നവർ പരിണിത ഫലങ്ങൾ ഒഴിവാക്കാൻ പാഞ്ഞു കയറുന്നത് ശാസ്ത്രീയതയുടെ ഹുങ്കു പറഞ്ഞിരിക്കുന്ന കൊലയാളികളുടെ അടുത്തേക്കാണ്.

ഭ്രൂണ ഹത്യയുടെ പരിണിത ഫലങ്ങൾ

a. ആൺകുട്ടികൾക്കനുസൃതമായി പെൺ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നില്ലെങ്കിൽ സാമൂഹ്യ സന്തുലിതാവസ്ഥ നഷ്ടപ്പെടും.
b. അനാശാസ്യ പ്രവർത്തനങ്ങൾ ഏറിവരും
c. പ്രകൃതി വിരുദ്ധ ബന്ധങ്ങൾ സമൂഹത്തിൽ നിലവിൽ വരും.
d. എയ്ഡ്സ് പോലുള്ള മാരക രോഗങ്ങൾ സമൂഹത്തിൽ വ്യാപകമാകും.
e. കുടുംബം എന്നത് സങ്കൽപമായി മാറും.
f. കുറ്റകൃത്യങ്ങൾ വ്യാപകമാവും.

മനുഷ്യരുടെയും പ്രകൃതിയുടെയും തന്നെയും ജീവിത യാത്രയെ തളച്ചിടാൻ പോന്നത്ര ഭായാനകവും ക്രൂരവുമാണ് ഭ്രൂണ ഹത്യ. നാം അറിയാതെ ഭ്രൂണ ഹത്യയെ ആധുനിക ശാസ്ത്രത്തിന്റെ നാഴികക്കല്ലെന്നു പറഞ്ഞ് പിൻതാങ്ങിയാൽ നഷ്ടമാവുന്നത് നമ്മുടെ തലമുറയെത്തന്നെയാവും. ✣


സ്കൂളിലേക്കുള്ള വെട്ടുവഴികളിലൂടെയുള്ള യാത്രയും പ്രകൃതിയോടുള്ള സല്ലാപവും നമ്മെ പഠിപ്പിച്ച വിശാലമായ അറിവുകൾ... ഛെ... മോശം..
ഡോക്ടറും എൻജിനീയറുമാകാൻ ഭാരം ചുമക്കുക തന്നെ...
തലകീഴായ് നിന്നാൽ ലോകത്തിന്റെ സകല നെറികേടുകളുമറിയാനാകും
നേടാനുള്ള ഉന്നതമായ ലക്ഷ്യങ്ങൾക്കിടയിൽ തലകീഴായ് നോക്കാൻ സമയമെവിടെ..?
തിങ്കളും താരങ്ങളും തൂവെള്ളിക്കതിർ ചിന്നും തുംഗമാം വാനിൻ ചോട്ടിലാണെന്റെ വിദ്യാലയം...
മഹത്തായ വിദ്യാഭ്യാസപാതയിൽ

# CHILD LABOUR IN CALICUT

**PRASREEN**
(City Coordinator, Childline - Nodal
Farook College)

While child labour is usually seen as an economical short-term resource that can be used, perpetuates poverty in the long run. Thus, it is cause and consequence of poverty at the same time with many hidden costs for society. Most significant in this contest are the social opportunity cost of child labour. Depriving education to child labour means excluding them from most of the opportunities of active participation in society, it prevents child from developing their intellectual and social skills, which might open access to higher income, job security and cooperativeness and accident at work are major burden for health care and social security systems. Health risks and impact of damage to health acquired during a young child years of labour are much higher than those of adults and become a life long burden for the children themselves, their families and society as a whole. Besides, child labour decrease job opportunities and wages of adults. As long as employer use child workers to keep wages low and job security minimal, family income will not be secured and saving and consumption will not increase significantly to support a healthy domestic economy.

Kerala is not an exception from the fact that it employs the child in various sphere of work. Kozhikode is also largely employing children from within Kerala, adjacent districts and state. By and large the target population is seen in as migrant labuorer with their parents, or in begging, hotel industries and domestic work.

A big population of domestic child labour is seen in elite group families, educated and employed people. They are provided with basic amenities but deprived of all activities and privilages of childhood and have to work hard or face physical and mental even some time sexual abuse. In such a young age they work so much. Childhood is time when children could study, play and explore the world.

In the case of migrant labour a big group of children move with their parents and care takers where they live in hazardous and unhygienic condition and lose their health in early age. We can see this large numbers in contract labourers. A section of this group employ child for begging for getting two square meals per day.

Hotel industries are the primarily host of children who work for low wages and highest

number of hours, the industry is also an exposure to high number of sexual abuse

Child labour is a form of punishment and it is hell, It should be definitely abolished. The exception given in Law by bifurcating hazardous and nonhazardous is taken as advantage and breaking basic rights and law. They are not taking care of any welfare and service of child. The enforcement of law on the above issues is primarily unseen in the district. The child on street are the at most focus of anti social element such as the drug mafia, thief 's, robbers, sexual abusers, other anti social activity peoples. If the child labour is not abolished now and children are not given education, then this situation will continue and several generations are going to be victims of child labour and it's after effects.



Every citizen's moral responsibility is to start thinking for the child in his interest and responsible authority gain an understanding concomitant occupation, social and health hazards of child labour to react and take action in this regard irrespective of any pressure of geographical, social, economic, political, religious and cultural factors. Let's hear to the unheard voice and unseen pain of deprived child.

# ദൈന്യ ബാല്യങ്ങളുടെ വിപണി

ജെയ്സൽ.പി. (ബി.എ.ഇക്കണോമിക്സ്, രണ്ടാം വർഷം)

ചില്ലിക്കാശുകളുടെ സഞ്ചി ഇറുക്കിപ്പിടിച്ചുകൊണ്ട് മുറുക്കാൻ കടയുടെ പിറകിലേക്കവൻ നടന്നു നീങ്ങി. അന്നത്തെ സമ്പാദ്യം കൃത്യമായി എണ്ണിത്തിട്ടപ്പെടുത്തി 143 രൂപ 25 പൈസ. തലേന്നത്തെ വരുമാനത്തേക്കാൾ 20 രൂപ 50 പൈസ കൂടുതൽ. കൂട്ടിക്കുറയ്ക്കലുകൾ അവനിപ്പോൾ ഞൊടിയിടയിൽ തീർക്കും. അഞ്ചുവർഷം കാശെണ്ണാൻ തുടങ്ങിയ പരിചയം ഉണ്ടല്ലോ ആ എട്ടു വയസ്സുകാരന്.

തിരക്കു പിടിച്ച നമ്മുടെ യാന്ത്രിക ജീവിതത്തിനിടയിൽ പലപ്പോഴും കണ്ടിട്ടും കണ്ടില്ലെന്നു നടിക്കുന്ന അല്ലെങ്കിൽ സഹതാപത്താൽ 50 പൈസ കൊടുത്ത് ഒഴിവാക്കുന്ന കുട്ടി ഭിക്ഷാടകരുടെ ജീവിതം സമൂഹ മനസാക്ഷിയെ കുത്തി നോവിക്കുന്നുവോ? അതോ ആധുനികതയുടെ പൊള്ളത്തരത്തിന് ഇതും അനിവാര്യതയോ? ഏതായാലും നമുക്ക് അവരുടെ ജീവിതത്തിലേക്ക് ഒന്നിറങ്ങിച്ചെല്ലാം. പലപ്പോഴും ബസിലും ട്രെയിനിലുമൊക്കെയായി നാം അവരുടെ 'അമ്മ'വിളിയും 'ആലിലക്കണ്ണാ നിന്റെ മുരളിക' കേൾക്കുമ്പോൾ.... എന്ന കേഴലും ഒക്കെ കേട്ടവരല്ലേ ?

കേരളത്തിലെ കുട്ടികൾ അല്ല ഈ ഭിക്ഷാടന മാഫിയകളിൽ പെട്ടിരിക്കുന്നത് കർണ്ണാടകം, തമിഴ്നാട്, ആന്ധ്ര എന്നിവിടങ്ങളിൽ നിന്നുള്ളവരാണധികവും എന്നാണ് പോലീസ് റിപ്പോർട്ട്. ഇതൊരു ബിസിനസ് സാമ്രാജ്യമാണ് അവിടെ ചിന്ന സ്വാമി എന്ന രാജാവും മന്ത്രി പുംഗവൻമാരും അഭിഭാഷകരും 10 വയസ്സിൽ താഴെയുള്ള പ്രജകളുമടങ്ങുന്ന സാമ്രാജ്യം. **രാജാവാജ്ഞാപിച്ചാൽ പ്രജ അനുസരിക്കാൻ ബാധ്യസ്ഥൻ സമ്പാദ്യം ദിനേന ഒരു പൈസപോലും കുറയരുത്. കുറഞ്ഞാൽ കാലിൽ നിന്നും മാംസം വെന്ത മണം ഉയരും എന്നിട്ടും അനുസരിച്ചില്ലെങ്കിൽ നഖവും മുടിയും പറിച്ചെടുക്കും.** ഇത് ലേഖനത്തിന്റെ വികാരം കൂട്ടാനുള്ള എന്റെ പൊടിക്കൈ അല്ല. യാചക മാഫിയയിൽ നിന്നും മോചിതനായ സേലം സ്വദേശി രാജ (8) യുടെ അനുഭവമാണ്.

ആന്ധ്രയിലും തമിഴ്നാട്ടിലും കർണാടകത്തിലുമെല്ലാം ഭൂമിയും കൃഷിയും വസ്തുവകകളുമുള്ള സംഘങ്ങളാണ് ഭിക്ഷാടന മാഫിയക്കു പിന്നിൽ പ്രധാനമായും പ്രവർത്തിക്കുന്നത്. കൃഷിക്കും മറ്റു കാര്യങ്ങൾക്കുമുള്ള പണം സ്വരൂപിക്കുന്നതിനുള്ള മാർഗമാണ് അവർക്ക് ഭിക്ഷാടനം. കഞ്ചാവും മയക്കുമരുന്നും കൊടുത്ത് മയക്കത്തിലേക്ക് തള്ളിവിടുകയാണ് ആദ്യത്തെ നടപടി. 8-10 വയസ്സുള്ള വരെ മോഷണവും അഭ്യസിപ്പിക്കുന്നു. നമ്മുടെ കോഴിക്കോട് ബസ്സ്റ്റാന്റിൽ പോലും മയക്കുമരുന്ന്കൊടുത്ത് മയക്കിക്കിടത്തിയ കുട്ടിക്കരികത്തിരുന്ന് ഭിക്ഷയാചിക്കുന്ന വ്യാജ അമ്മമാർ കുറവൊന്നുമല്ല.

ഇവരെ ശിക്ഷിക്കുകയും അത്ര എളുപ്പമല്ല. കാരണം കുട്ടികളുടെ പേരെഴുതിയ വ്യാജ റേഷൻ കാർഡും സ്വന്തക്കാരെ ഒരിക്കൽപോലും അറിയാത്ത, കാണാത്ത കുട്ടികളുടെ നിഷ്ക്ക



ളങ്കതയും തന്നെ. മാതാപിതാക്കൾ ആവശ്യപ്പെടുന്ന പക്ഷം കുട്ടികളെ അവർക്കരികത്താക്കണമെന്ന ജുവനൈൽ ജസ്റ്റിസ് നിയമത്തിന്റെ 39 (1) വകുപ്പു തന്നെ അവർക്ക് വിനയാവുന്നു. പെൺകുട്ടികളെ ആദ്യം യാചകവൃത്തിക്കും പ്രായ പൂർത്തിയായ ശേഷം വേശ്യാവൃത്തിക്കും അയക്കുകയും ആൺകുട്ടികളെ മയക്കുമരുന്ന് വിൽപനക്കാരാക്കി മാറ്റുകയും ചെയ്യുന്നു.

**നിയമം എത്രത്തോളം ഫലപ്രദം ?**

1986 ലെ ജുവനയിൽ ജസ്റ്റിസ് ആക്ട് റദ്ദുചെയ്താണ് ജുവനയിൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) നിയമം 2000 പ്രാബല്യത്തിൽ വന്നത്. പുതിയ നയമത്തിലെ വ്യവസ്ഥകളും അതിന്റെ ന്യൂനതകളും.

1. വകുപ്പ് 4(1) –ൽ കുറ്റവാളികളായ കുട്ടികളെ ഹാജരാക്കുന്നതിനായി ജുവനയിൽ ജസ്റ്റിസ് ബോർഡ് സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുന്നു. ബോർഡ് ഇതുവരെ രൂപീകരിച്ചിട്ടില്ല.
2. വകുപ്പ് 29 പ്രകാരം യാചകവൃത്തിയിലോ ഉപേക്ഷിക്കപ്പെട്ട നിലയിലോ കാണപ്പെടുന്ന കുഞ്ഞുങ്ങളുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ ഓരോ ജില്ലയിലും സാമൂഹ്യ പ്രവർത്തകരും കുട്ടികളുടെ കാര്യത്തിൽ പ്രത്യേകം പരിശീലനം നേടിയ ശിശുക്ഷേമ കമ്മിറ്റിയും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.
3. വകുപ്പ് 32 പ്രകാരം ഉപേക്ഷിക്കപ്പെട്ട കുഞ്ഞിനെ അധികാരികളുടെ മുമ്പിൽ ഹാജരാക്കാൻ അധികാരപ്പെട്ടവരിൽ പോലീസ് ഉദ്യോഗസ്ഥർ, പൊതു പ്രവർത്തകർ, സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സന്നദ്ധ സംഘടനകൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർ ഉൾപ്പെടുന്നു. പക്ഷേ ഇതിൽ പറയുന്ന 'അംഗീകാരം' എന്തെന്ന് ഇനിയും വ്യക്തമാക്കപ്പെട്ടിട്ടില്ല. അംഗീകാരം ലഭിക്കുന്നതിനുള്ള നിയമങ്ങളും സർക്കാർ ഇനിയും രൂപീകരിച്ചിട്ടില്ല.
4. വകുപ്പ് 39(1) പ്രകാരം ഭിക്ഷയാചിക്കുന്ന കുട്ടികളെ കമ്മിറ്റിക്ക് മുന്നിൽ ഹാജരാക്കി അവരെ ശിശുഭവനിലേക്ക് മാറ്റിയാൽ തന്നെയും മാതാപിതാക്കൾ ആവശ്യപ്പെട്ടാൽ അവരെ തിരികെ നൽകണമെന്ന് വ്യവസ്ഥചെയ്യുന്നു. പക്ഷേ മതാപിതാക്കൾ തന്നെ കുട്ടികളെ ഭിക്ഷാടനത്തിന് ഉപയോഗിക്കുന്ന സാഹചര്യം നിയമം തയ്യാറാക്കിയവർ കാണാതെ പോയി.
5. വകുപ്പ് 63 (1) കുട്ടികളുടെ കാര്യം കൈകാര്യം ചെയ്യുന്നതിനായി ഒരോ പോലീസ് സ്റ്റേഷനിലും പ്രത്യേക പരിശീലനം ലഭിച്ച "കുട്ടിക്കൾക്കുള്ള പോലീസ് യൂണിറ്റ്" ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പക്ഷേ ഈ വ്യവസ്ഥ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ഇനിയും തയ്യാറായിട്ടില്ല.
6. വകുപ്പ് 68 കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട നിയമത്തിലെ നിരവധി വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനായി ചട്ടങ്ങൾ രൂപീകരിക്കാൻ സംസ്ഥാന സർക്കാറിന് അധികാരം നൽകുന്നു. നിയമം നടപ്പിൽ വന്ന് രണ്ട് വർഷമാക്കാറായിട്ടും നിയമം ഫലപ്രദമായി നടപ്പാക്കാനാവശ്യമായ ചട്ടങ്ങളും വിശദീകരണങ്ങളും രൂപീകരിക്കാൻ കേരള സർക്കാരിന് കഴിഞ്ഞിട്ടില്ല. ✣

# FALLEN BUDS

**HARIS KODAMPUZHA**
(III sem. MA English)

*"Child is the father of man" -Wordsworth*

It was a heart - reading picture that the Malayala Manorama published on its front page on 7th December 2000. The news paper brought out a very pignant sight of a little girl named Asna on a pair of crutches looking sympathetically at a baby whose both legs were missing. What happened to these two Infants? The contem porary society may answer it. Both of them are victims of "human - activity". Asna and Ashitha - though both of them are the daughter of kannur, the former was a scapegoat of the political chaos of her place and the latter was a victim of the mad pursuit of man after speed.

The fate of Asna hurts not only her but also the consciousness of the whole kerala folk. Has this little girl committed any sin or crime? Nobody knows... then why does she suffer? Why does Ashitha suffer? Why do children suffer? Why do children spend their greeny days in misery and gloom, even in kerala "Gods own country".

One remembers an occassion where a survey was conducted on 'Child Labours' in connection with 'Childrens Day' on Nov 14.

It was a shocking report that was prepared after the survey . We could not find even a single hotel which does not make use of child labour. Children of 10-15 ages are exploited in this highly cultured state. A boy of thirteen was found sitting on a furnace in a very precarious position to wipe out coal stored on the top. The trying sun was not at all a problem for him as he was used to sit there once in week under the hot sun. When he was asked about his earlier days. He gave an accout of the circumstances that led him to reach there. His father died when he was a student of sixth standard. He found his schooling difficult in the absence of the financial help from his father, who was the sole support of the family. When he went to school without the proper uniform oneday, he was send out of the class room, and that was the last day of his student life. Then he became a News paper boy. One day on his delivery sound he happened to talk for a while to the owner of the factory where he is working at present. The man was happy to get a new"employ" for less payment.

Is not our government aware of the number of the children working in our state and country. Then why is there no remedy for that? Childhood is something extolled by poets and philosophers throughout centuries. No poet has failed to praise childhood and its colourfull experiences. But, the more we read the prestine glory of childhood , the more depressed we became, as we are made to see the seamy side of childrens life. Do the

moder children enjoy the honey dew of childhood dwelt up on by Wordswoth and Dylan Thomas.

Today, the adoloscent aspiration and blooming desires of childhood have been burnt by the new systems of moder life. The sight where the little kids prolicking after the paper boats through the stream let made by rain has became a strange one now. The habit of kite flying has been forgotten by the modern child. Words worths pitty line "Child is the father of man" has become an anachronism now. Children are scratched from their close communion with nature and its endless ecstasy. They are send to english medium school where they feel the fate of goal birds. They are made to wait for their 'luxurious' School bus where the whole children of a particular school are "filled". The distant roar of the bus itself cuases a frightening shudder in the child waiting with heavy burden of books on his shoulder. When the child bids,'tata' to the gringing mother , she feels highly enthralled, to take the child away from his childhood joy.

Some parents do not even find enough time to see their childrens way of going to school. They have to reach their offices on time.The child is entrusted with the house made whoe does the act of imprisoning the child perfectly. The child is deprived of its parantal love, which is an ineritable source of filial love. Modern pshychologist have found out that the children living in such situation may develop themselves to be criminals and anti - socials. So the social insecurity is primarily brought about by the parents themselves . To a great extent , our government has to be blamed for introducing unscientific currriculam. Though the government is experimenting with children and finding certain good results, they fail to create the society in which each and every child is given primary and necessary education. Government is simply blinking its eyes towards the boys and girls begging in streets.

The stories of child abduction has became a daily news in news papers. Now nodbody wonders at such cruel habits of some 'bearts' like kidnapping children and distorting their faces by pouring acids and making them as fools for begging! Everyday the cruel picture of exploited and tortured childhood flashes before our eyes. We should admit the fact that while we run after materialism and industrial growth we lack something which is necessary for the happy symmetry of the sociey. We are not at all able to luster the innocent faces of the little ones in this sociey. The childhood which should fly like a broken kite, is now struck somewhere, their aspirations are scattered and their fledging wings are burnt before our utilitarian philosophy.

The modern man should change his mind and should not hesitate to give back his child its childhood that never comes again. We can pin

tips our hope on some of the organisations like Childline who work with the view of enhansing the condition of childrens. Though the pranks and mischieves of children had amused us once, now they have lost their charm, and they remain to be fictional only. Can we wait for a reversal of this order?

## ജീവിതപ്പുസ്തകത്തിൽനിന്ന്

ടി.അബ്ബാസ് (അസിസ്റ്റന്റ് ലൈബ്രേറിയൻ)

17 വർഷങ്ങൾക്കു മുമ്പ് അരക്കൊല്ല പരീക്ഷയും ക്രിസ്തുമസ് അവധിയും കഴിഞ്ഞ് സ്കൂൾ തുറന്ന ദിവസം ഞാനന്ന് നാരായണൻ മാഷിന്റെ 7-ാം തരം സിയിലെ വിദ്യാർത്ഥിയാണ്. അക്കാലത്ത് തന്നെ ധാരാളം ജോലികൾ ചെയ്തിട്ടാണ് ഉപജീവനത്തിനും - പഠനത്തിനുമുള്ള മാർഗ്ഗം കണ്ടെത്തിയിരുന്നത്. ഹോട്ടൽ ജോലി ചെയ്തും, ലോട്ടറി വില്പന നടത്തിയും പത്രവിതരണം നടത്തിയും തോട്ടക്കാരനായും വിട്ടുജോലിക്കാരനായും ഒക്കെ നിരവധി വേഷങ്ങൾ അണിയേണ്ടി വന്നിട്ടുണ്ട്.

സ്കൂളിലെ മുഴുവൻ അദ്ധ്യാപകരുടെയും സ്നേഹ - പരിലാളനകൾ എനിക്കു ധാരാളമായി ലഭിച്ചിരുന്നു. ജീവിതത്തിനു മുമ്പിലെ പ്രതിബന്ധങ്ങളെ നേരിടുവാനുള്ള ശക്തിയും - പ്രോത്സാഹനവും അവരിൽ നിന്ന് നിർലോഭം എനിക്കു ലഭിച്ചിരിന്നു. എന്നെക്കുറിച്ച് വളരെയേറെ മനസ്സിലാക്കിയിരുന്നവരിൽ മുമ്പനായിരുന്നു നാരായണൻ മാഷ്. ഇങ്ങനെ ഇരിയ്ക്കെ മാഷ് എന്നോടു വല്ലാതെ കോപിക്കുവാനുള്ള ഒരു സംഭവം ഉണ്ടായി. അരക്കൊല്ലപരീക്ഷയുടെ പ്രോഗ്രസ്സ് കാർഡ് രക്ഷിതാവിനെ കാണിച്ച് ഒപ്പിടീച്ചുകൊടുക്കേണ്ട അവസാന ദിവസമായിരുന്നു അത്. പലപ്പോഴും രക്ഷിതാവിന്റെ കോളത്തിൽ വല്ലവരെക്കൊണ്ടും കള്ള ഒപ്പീടിക്കാറായിരുന്നു. എന്നാൽ പ്രസ്തുത ദിവസം അധ്യാപകൻ ക്ലാസിലില്ലാത്ത സമയത്ത് 'ഞാൻ തന്നെ' രക്ഷിതാവായി. ആരും കണ്ടിട്ടില്ല എന്ന നിഗമനത്തിൽ, നാരായണൻ മാഷ് ക്ലാസ്സിലേക്കുവന്ന ഉടനെത്തന്നെ ഞാൻ ഒപ്പിട്ട പ്രോഗ്രസ് കാർഡ് അദ്ദേഹത്തെ ഏല്പിച്ചു. എന്നാൽ ക്ലാസ് ലീഡർ സജിത്ത് മുൻബഞ്ചിൽ നിന്നും എഴുന്നേറ്റ് നിന്ന് കൊണ്ട് എന്റെ കള്ളത്തരം വിളിച്ചു പറഞ്ഞു.

എല്ലാം തകർന്നു തരിപ്പണമാവുകയാണെന്ന് എനിക്കു തോന്നി. എന്റെ പൂച്ച് പുറത്താക്കപ്പെട്ടിരിക്കുന്നു. മാഷിന്റെ ചോദ്യങ്ങൾക്കൊന്നും എനിക്ക് മറുപടി പറയാനായില്ല. നാവ് വരണ്ടു പോയിരുന്നു. ഞാൻ ചെയ്തതെറ്റിന്റെ വില അപ്പോഴാണ് അറിയുന്നത്. സ്വന്തം മകനെപ്പോലെ എന്നെ സ്നേഹിച്ച മാഷിനെ വേദനിപ്പിക്കേണ്ടിവന്നതിൽ എനിക്കു എന്നോടുതന്നെ ലജ്ജതോന്നി. കുറ്റ ബോധത്താൽ ഒന്നും മിണ്ടാനാവാതെ ഞാൻ തലകുനിച്ചു നിന്നു. മാഷ് എന്തൊക്കെയോ പറഞ്ഞുകൊണ്ട് ക്ലാസ് വിട്ട് പുറത്തേക്കുപോയി. എങ്ങും ഇരുൾ മാത്രം. എന്റെ ബോധം ഇല്ലാതെയാവുന്നു. കണ്ണുകൾ അടഞ്ഞുപോകുന്നു. ഒരു നിമിഷം എന്റെ വാപ്പയെയും, ഈ ലോകത്തെത്തന്നെയും ഞാൻ വെറുത്തു പോയി !.

ഞാൻ എന്റെ വിധിയെകുറിച്ചോർത്ത് ഏറെ സങ്കടപ്പെട്ടു. ക്ലാസ്സിൽ ഒന്നാമനായിട്ടും, അതിൽ സന്തോഷിക്കുവാൻ കഴിയാതെ വരുക. പ്രോഗ്രസ് കാർഡ് വാപ്പയെ കാണിക്കുവാൻ പറ്റാത്ത സാഹചര്യം പഠിക്കുവാൻ പോകുന്നതിൽ

വാപ്പയ്ക്ക് കടുത്ത എതിർപ്പായിരുന്നു. പണിക്കുപോയി പണം ഉണ്ടാക്കിയാലേ ആളുകൾക്കിടയിൽ സ്വീകാര്യത ഉണ്ടാവുകയുള്ളൂ എന്നതായിരുന്നു വാപ്പയുടെ മതം. താൻ കുട്ടിക്കാലത്തുതന്നെ നാടുവിട്ടുപോയ കാര്യങ്ങളും മറ്റും വാപ്പ ഇടയ്ക്കിടെ വിശദീകരിക്കുമായിരുന്നു.... വാപ്പയുടെ കുറ്റപ്പെടുത്തലുകളും ശകാരവും വീട്ടിലെ മറ്റു പ്രയാസങ്ങളും മുറുകിയപ്പോൾ ഒരു ബന്ധുവിന്റെ കൂടെ ബാംഗ്ലൂരിലേക്ക് വണ്ടി കയറി. കുറച്ചു കാലം എങ്ങനെയെല്ലാമോ കഴിച്ചുകൂടി. 5-ാം ക്ലാസ്സിലെ എന്റെ കൂട്ടുകാരെക്കുറിച്ചെല്ലാമോർത്ത് സങ്കടപ്പെട്ടു. 11 വയസ്സുകാരന്റെ ചിന്തയും - മനസ്സും ഭാവനയുമെല്ലാം നഷ്ടപ്പെട്ട ദിനരാത്രങ്ങൾ. ഒരു മലയാളി കുടുംബത്തിൽ അവരുടെ വീടിനോടനുബന്ധിച്ച് പാലുൽപ്പന്നങ്ങളും ലഘുഭക്ഷണങ്ങളും വിൽപന നടത്തുന്നിടത്തായിരുന്നു ജോലി. നാടിനെക്കുറിച്ചും വീട്ടുകാരെക്കുറിച്ചുമെല്ലാം ഉള്ള ഓർമ്മകൾ, പഠിക്കാനുള്ള താൽപര്യം എന്നിവ വർദ്ധിച്ചപ്പോൾ 6 മാസത്തിനുശേഷം തിരിച്ചു നാട്ടിലേക്ക് വണ്ടി കയറി. ഒരു ദിവസം 5 രൂപ വെച്ച് കിട്ടിയ കൂലിയെല്ലാം വാപ്പയെ ഏൽപ്പിച്ചു. പഠിക്കാൻ പോകണമെന്ന ആഗ്രഹം നടക്കില്ല എന്ന് നാട്ടിലെത്തിയപ്പോൾ മനസ്സിലായി. 5 ദിവസത്തിനുശേഷം വീണ്ടും ബാംഗ്ലൂരിലേക്ക് വണ്ടികയറി. എന്നാൽ അവിടെചെന്നപ്പോൾ പഴയ ലാവണത്തിലേക്കു പോകാൻ മനസ്സ് സമ്മതിച്ചില്ല. രണ്ട്മൂന്ന് ദിവസം വേറെ മലയാളികളുടെ കൂടെ താമസിച്ചു. പക്ഷെ മനസ്സ് ഒന്നിലും ഉറച്ച് നിൽക്കുന്നില്ല. എങ്ങനെയെങ്കിലും പഠനം തുടരണമെന്ന മോഹം മാത്രം. ഉടനെത്തന്നെ ട്രാൻസ്പോർട്ട് ബസ്സ്റ്റാന്റിലേക്ക് നടന്നു. തിരിച്ചു നാട്ടിലേക്കുള്ള വണ്ടിയിൽ കയറുവാനായി. അപ്പോഴാണ് ഓർത്തത് കൈയിൽ കാശില്ലാത്ത വിവരം. അരടിക്കറ്റിനും ഭക്ഷണത്തിനുമുള്ള 25 രൂപയും യാചിക്കേണ്ടിവന്നു. അങ്ങനെ നാട്ടിൽ തിരിച്ചെത്തി. നേരത്തെ ജോലി ചെയ്തിരുന്ന ഇബ്രാഹിംക്കയുടെ ചായക്കടയിൽ ജോലിചെയ്തുകൊണ്ട് വീണ്ടും അഞ്ചാം ക്ലാസ്സിൽ പോയി പഠനം തുടർന്നു. വാപ്പക്ക് വീണ്ടും അരിശം തുടങ്ങി. വീട്ടിലേക്ക് കയറ്റില്ല എന്നുവരെ പറഞ്ഞു. ഇബ്രാഹിംക്കയെ കുറെ ചീത്തപറഞ്ഞു. എല്ലാ എതിർപ്പുകളെയും നേരിടുവാൻ ഉറച്ചുതന്നെയായിരുന്നു ഞാൻ നീങ്ങിയത്. വാപ്പ വീട്ടിൽ ഇല്ലാത്ത സമയം നോക്കിയാണ് രോഗിയായ ഉമ്മയെ കാണാൻ പോലും പോയിരുന്നത്. വാപ്പയെ ധിക്കരിച്ചതിനുള്ള ശിക്ഷകൾ ഇതിനകം ഏറെ ഏൽക്കേണ്ടിവന്നു. ഇബ്രാഹിക്ക ഒരു നല്ല മനുഷ്യനായിരുന്നു. സ്കൂളിൽ പോയിക്കൊണ്ട്, ജോലി ചെയ്യുവാനുള്ള സൗകര്യം ഉണ്ടാക്കിത്തന്നു. കാലത്ത് നാലു മുതൽ 10 വരെയും, വൈകിട്ട് 4 മുതൽ രാത്രി 11 വരെയും ആയിരുന്നു ജോലി സമയം. എല്ലാ ജോലികളും കഴിഞ്ഞ് തറയിൽ ഒരു ചാക്ക് വിരിച്ചു കിടന്നുറങ്ങും. ഒറ്റയ്ക്ക് ഹോട്ടലിൽ കിടന്നുറങ്ങുമ്പോൾ ആദ്യമൊക്കെ ഭയങ്കരപേടിയായിരുന്നു. അതി രാവിലെത്തന്നെ പുട്ടും പപ്പടവും ചായയുമൊക്കെ തയ്യാറാക്കിവയ്ക്കും. തൊട്ടടുത്തുള്ള പള്ളിയിൽ പോയി സുബഹിനിസ്ക്കാരം നിർവ്വഹിക്കും. അപ്പോഴേക്കും ആളുകളെല്ലാം ചായയും പലഹാരവും കഴിക്കാനായി ഹോട്ടലിൽ എത്തിക്കൊണ്ടിരിക്കും. രാവിലെ ഏകദേശം പത്തുമണിയായാൽ സ്കൂളിലേക്കു പുറപ്പെടും. വൈകുന്നേരം 4 മണി കഴിഞ്ഞാൽ വീണ്ടും കടയിൽ വരും. ദിവസം 3 രൂപ വച്ച് അന്ന് കൂലി ലഭിച്ചിരുന്നു. ഇങ്ങനെയൊക്കെയായിരുന്നു അക്കാലത്തെ എന്റെ ദിനചര്യ.....

വൈകുന്നേരം ക്ലാസ് കഴിഞ്ഞപ്പോൾ നാരായണൻ മാഷ് എന്നെ സ്റ്റാഫ് റൂമിലേക്ക് വിളിപ്പിച്ചു. മാഷ് ഇനിയും എന്നെ വഴക്കുപറഞ്ഞേക്കുമെന്ന് ഞാൻ ഭയന്നിരുന്നു. എന്നാൽ എന്റെ ആശങ്കകളെ അസ്ഥാനത്താക്കികൊണ്ട് മാഷ് പറഞ്ഞു. സാരമില്ല, നിന്റെ പ്രശ്നങ്ങളെല്ലാം ഞങ്ങൾക്കറിയാം. നീ മന:പൂർവ്വം ചെയ്തതെല്ലങ്കിൽകൂടിയും മറ്റു കുട്ടികളുടെ മുമ്പിൽ വച്ച് സ്വന്തം പ്രോഗ്രസ്സ് കാർഡിൽ ഒപ്പിടരുതായിരുന്നു. നിന്നോടുള്ള സ്നേഹക്കുറവുകൊണ്ടല്ല ഞാൻ ശകാരിച്ചത്. ഞാൻ മുഖമുയർത്തി മാഷിനെ നോക്കി. മാഷിന്റെ കണ്ണിൽ നിന്നും നിറഞ്ഞ സ്നേഹത്തിന്റെ എന്തെന്നില്ലാത്ത ഒരു ചൈതന്യം കളിയാടുന്നുണ്ടായിരുന്നു. ഇതെഴുതുമ്പോഴും അറിയാതെ ഞാൻ വിതുമ്പിപ്പോകുന്നു.

കോളേജ് മാഗസിനിലേക്ക് അബ്ബാസ്ക്ക എന്തെങ്കിലും എഴുതിത്തരണമെന്ന് വിദ്യാർത്ഥി സുഹൃത്തുക്കൾ ആവശ്യപ്പെട്ടപ്പോൾ എന്റെ മനസ്സിലേക്ക് കടന്നു വന്നത് നാരായണൻ മാഷും ഞാനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ഓർമ്മകളായിരുന്നു. ഈ ഓർമ്മകുറിപ്പ് പകുതി എഴുതിക്കഴിഞ്ഞതിന്റെ പിറ്റേന്ന് ഞാൻ മാഷിന്റെ നാട്ടിൽ പോയിരുന്നു. മാഷാകപ്പാടെ മാറിപ്പോയിരിക്കുന്നു. പ്രായത്തിന്റെ അവശതകൾ മുഖത്തും, ശരീരത്തിലുമെല്ലാം പ്രകടമാണ്. ഒരു കൊച്ചു കുട്ടിയെപ്പോലെ മാഷ് അല്പം തമാശകൾ പറഞ്ഞു. 17 വർഷങ്ങൾക്കു മുമ്പുള്ള പ്രോഗ്രസ്സ് കാർഡ് സംഭവത്തെക്കുറിച്ചും മാഷിനെക്കുറിച്ചും കോളേജ് മാഗസിനിൽ എഴുതുന്ന കാര്യം ഞാൻ പറഞ്ഞു. അങ്ങനെ മാഷ് യാത്ര പറഞ്ഞു കടന്നു പോയി.

എന്റെ ജീവിതത്തിലെ ഏറ്റവും ദുരിത പൂർണ്ണമായ കാലഘട്ടമായിരുന്നു കുട്ടിക്കാലം. എന്നാൽ ഓർക്കുമ്പോൾ അവാച്യ സുന്ദരമായ ഓർമ്മകളുടെ ഊഷ്മളതയിൽ ഞാൻ ആനന്ദിക്കുകയാണ്. എല്ലാ വേദനകൾക്കിടയിലും എന്തെന്നില്ലാത്ത ആഹ്ലാദവും പ്രത്യാശയും ഒപ്പമുണ്ടായിരുന്നു. അധ്യാപനമെന്നത് ഉത്തമമായ ഒരു കലതന്നെയാണെന്ന് തെളിയിച്ച ദാസൻ മാഷിനെയും നാരായണൻ മാഷിനെയും പോലുള്ള അധ്യാപകരിലൂടെ തിരിച്ചറിഞ്ഞത് ജീവിതത്തിന്റെ ഉണ്മതന്നെയായിരുന്നു. നിനവാർന്ന ഓർമ്മകളുടെ ശാന്തതയിൽ ഒരു ഭാവഗീതം കണക്കെ എല്ലാം ആത്മാവിൽ നിറയുകയാണ്. മനസ്സിന്റെ മായാചെപ്പിൽ പ്രകാശസുന്ദരമായ ഒരു പുലർകാല സ്വപ്നത്തിനായി എല്ലാം അടവച്ച് വിരിയിക്കട്ടെ!. ❖

# KOLLYWOOD AND ALL THAT

**YASEEN ASHRAF**
(Department of English)

Times have changed; so have icons: the sterotype of a lower primary school student used to be a little child with a state in hand and a lot of mischief in the eyes. Today it has changed. The hands have become full, and the mind empty. The books and accessories now spill over from a bulging shoulder bag that weighs anything between three kilos and five kilos.

Information overload, they call it. The satchel of the overburdened child. Learning is supposed to be a pleasant, happy experience, but one wonders.Look at the definition that a tiny tot of five is made to learn by rote in a school in our neighbourhood: 'A CPU or central processing unit is the brain of a computer and processes all its functions efficiently and fast'. Well, if the little one can dgest thjat and not get constipation he really wouldnt need to learn any more at all, would he?

The information industry-- for that is what we today call our educational system-- has turned in to a torture system. The many methods o f torture include that bulky bag at the back, those nerve--crushing exercises and homework regimen, and those rat races we call examinations. The system of teaching is driven by what is rightly labelled the knowledge economy. After all, education is serious business, never seriouser than now!

But even the information that is being fed into those young minds is not always harmless. And often more harmful are the habits and customs that systamatically condition the way children think and even feel. Look at the toys that invade the infant nursery. They are no more the imaginary wristwatches skillfully crafted out of coconut fond leaves, or the cleverly balanced paper planes wrafted into the air from the great open spaces.

Toys today are gadgets- cute and costly things that leave tittle to the imagination. Robots that look like real men. Guns that mimicreal ones and just stop short of actually killing.

Toys have a political message. They create hierarchies in the little minds, as do comics meant for children. Hierarchies in which some races are superior to others, where the white Europeans and Americans are always the saviours and the brown Asians and black Africans always the ones to be saved. Every imperialist invasion, every genocidal

occupation, is justified by umpteen toys and comics and films where villains and heroes fall into neat little categories, the former being non-western and the latter western. The toy industry does to childrens minds what imperialist armies do to occupied peoples. Both are invasions.

Television does still more. Feeding on tasteless, pulp cinema out of Bollywood, Kollywood and the other Follywoods, the channels show a huge number of thrillers that cannot but have a strong impact. The greater incidence of crimes and suicides does indicate a direct correlation between what is seen in the drawing rooms and what is acted out beyound.Those couch potatoes parked leisurely in the cushions in front of the mini-screen could well turn out to be the greatest weapons in the arsenel of terror industry. With children forming a large chunk of the viewers screen horror desensitises the impressionable minds to violence. Blood is no more sacred; it is just a spectacle.Lust is no sin,but a necessary twist in the plot. A recent survey by the Centre for Advocacy and Research along with UNESCO and UNICEF in some major Indian cities found that the young had become addicted to gruesome serials. The perpetrators of crimes are glorified- as polished , snave, rich, beautiful heroes and heroines- and consequently, as the survey found out , teenagers tend to accept violence as natural in a society.

*The toy industry does to childrens minds what imperialist armies do to occupied peoples. Both are invasions.*

There is much more to education and literacy and information age than mere learning and scholarship.There is channelisation of young minds to where they do not by nature belong.To violence, sectarianism and inhumanity.Where is the adult society leading them, in the name of knowledge? Where knowledge is packaged as entrance examination , and where your neighbour in the class is your staunchest enemy, many things are lost. Innocence, most of all. And childhood , and youth, and humanity.

## മണ്ടൻ പെട്ടിയും കൂട്ടുകാരും

മുഹമ്മദ് ജുമാൻ (ബി.എസ്.സി. കെമിസ്ട്രി, ഒന്നാം വർഷം)

### മുമ്പും പിൻമ്പും

ഇടവേളകളിൽ ജനങ്ങൾ സുഹൃത്തുക്കളുടെ അരികത്തും കുടുംബത്തിലും ആയിരുന്നു സമയം ചിലവഴിച്ചിരുന്നത്. ഇത് അവരെ കുട്ടികളുമായി പുറത്തുപോകാനും കളിക്കാനും പരിപാടികൾ സംഘടിപ്പിക്കാനും കലാവാസനകൾ വളർത്തിയെടുക്കാനും സ്പോർട്സിലും ഉള്ള കഴിവുകൾ വളർത്തിയെടുക്കാനും സഹായിച്ചിരുന്നു. സമൂഹത്തിൽ നേരിട്ടിടപെടുന്നതു മൂലമുള്ള ലോകത്തെ നേരിട്ട് – സ്വന്തം അനുഭവങ്ങളിലൂടെ മനസ്സിലാക്കി കണ്ടെത്തലുകൾ നടത്താൻ അവനെ സഹായിച്ചിരുന്നു. വീട്ടിലായിരിക്കുമ്പോൾ മുഖാഭിമുഖം ഇരുന്ന് ഭക്ഷണം കഴിക്കാനും അനുഭവങ്ങൾ പങ്കുവയ്ക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും കഴിഞ്ഞിരുന്നു.


ടെലിവിഷൻ ഇതിനെ മാറ്റിമറിക്കുന്നു. നല്ലൊരു ശതമാനം ജനങ്ങളും ടി.വി.യെ സ്നേഹിക്കുന്നു. അവർ ടി.വി. ഇല്ലാത്തൊരു ജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ പോലുമാവില്ല. ബാക്കി ഒരു പറ്റം ഇതിനെക്കുറിച്ച് വലിയ ബോധവാൻമാർ അല്ല. അവർ കാണുന്നു. അതിനൊപ്പം ജീവിക്കുന്നു. ഒരു ന്യൂനപക്ഷം ടി.വി.യെ നിരാകരിക്കുന്നു.

### കുട്ടികളും ടി.വി.യും

ടി.വിയുടെ പ്രചരണം കൂടിയതുമൂലം നല്ലൊരു ശതമാനം കുട്ടികളും ഇന്ന് ടി.വിക്കടിമപ്പെട്ടുകഴിയുന്നു. നമിതാ ഉണ്ണികൃഷ്ണനും ശൈലജാ വാജ്പെയിയും സംയുക്തമായി നടത്തിയ സർവ്വേയിൽ പറയുന്നത് ഡൽഹിയിൽ ശരാശരി കുട്ടികളും 17 മണിക്കൂറിലധികം ആഴ്ചയിൽ ടി.വിയുടെ മുമ്പിൽ ചെലവഴിക്കുന്നു എന്നാണ്. അവർ തന്നെ നടത്തിയ പഠനം തെളിയിക്കുന്നത് ഇന്നത്തെ കുട്ടികളിലധികവും വായനയും ക്രിയാത്മകമായ ശീലങ്ങളും, വീട്ടു ജോലികളും എന്തിനേറെ ഭക്ഷണം പോലുമില്ലാതെ ടി.വിക്കു മുമ്പിൽ ചെലവഴിക്കുന്നവരാണ്.

പഠനങ്ങളുടെ പ്രവണത അനുസരിച്ച് 8 വയസ്സുവരെയുള്ള കുട്ടികൾ അടുത്ത 10 വർഷത്തിനുള്ളിൽ 68 മണിക്കൂർ ഒരു മാസത്തിലും 30 ദിവസം ഒരു വർഷവും ഒരു വർഷം തന്നെ പത്തു വർഷം കൂടുംമ്പോഴും ടി.വിക്കു മുമ്പിൽ ചിലവഴിക്കും എന്നാണ്. ഇത് ദൂരദർശനിലും കേബിൾ, സാറ്റലറ്റ് ചാനലുകളിലും മാറിവരുന്ന ആകർഷകമായ പരിപാടികളുടെ അടിസ്ഥാനത്തിൽ ഏറിവരികയേ ചെയ്യൂ.

എന്തെല്ലാം ഫലങ്ങളാണ് കുട്ടികളിൽ ഇങ്ങനെയുള്ള നിരന്തരമായ ടി.വി. കാണൽ കൊണ്ടുണ്ടാവുന്നത്. ഗവേഷകർ പറയുന്നത് കുട്ടികളിൽ അവർ എന്തായിത്തീരണമെന്ന ആഗ്രഹം രൂപപ്പെടുത്തുന്നത് ഇന്ന് ടി.വിയാണ്. വീടുകളും സ്കൂളുകളും അതിനു ശേഷമേ സ്വാധീനിക്കൂ. കൂടാതെ ഇന്ന് നമ്മുടെ കുടുംബത്തിലെ ഒരു സ്ഥിരാംഗമായി ടി.വി. മാറി. ഈ ഒരു സവിശേഷത കുട്ടികളെ വളരെയധികം സ്വാധീനിക്കും. പ്രത്യേകിച്ച് ആറുവയസ്സിന് താഴെയുള്ളവരെ.




പരസ്യങ്ങൾ ഒരുപാട് സ്വാധീനിക്കുന്നത് കുട്ടികളെയാണ്. ഇന്നത്തെ യുവതലമുറയെയും കുട്ടികളെയും എങ്ങനെ ജീവിക്കണം, എന്ത്, എങ്ങനെ സംസാരിക്കണം എന്നൊക്കെ പറഞ്ഞുകൊടുക്കുകയും അവർ അനുകരിക്കുകയും ചെയ്യുന്നത് ടി.വിയെയാണ്.

ജെറി മാൻഡറുടെ (Former advertising executive US) അഭിപ്രായത്തിൽ മനുഷ്യ സമുദായത്തിന്റെ ഘടനയെയും സംസ്കാരത്തെയും തകിടം മറിക്കുന്ന ഒന്നാണ് ടെലിവിഷൻ. ഇതൊരു പാസീവായിട്ടുള്ള പ്രവർത്തനമാണ്. ജെറിയുടെ അഭിപ്രായത്തിൽ with television, the artificial information - field is brought inside our darkened rooms, inside our stilled minds, and shot by cathode guns through our unmoving eyes into our brains, and recorded. By focussing people on events well outside their lives, television encourages passivity and maction, discourages self awarness and the ability to cope personality.... പാസിവിറ്റി എത്രത്തോളം കുട്ടികളെ ബാധിക്കുന്നു എന്നു മനസ്സിലാക്കുവാൻ നടത്തിയ സർവേ റിപ്പോർട്ട് പ്രകാരം 5-8 വയസ്സുവരെയുള്ള കുട്ടികൾ ടി.വികാണുമ്പോൾ അനങ്ങാതെ കിടക്കുകയോ ഇരിക്കുകയോ ചെയ്യുന്നു എന്നാണ്. 5-6 വയസ്സ് കാലത്ത് കുട്ടികളിൽ അറിയാനുള്ള വാസന കളിക്കാനുള്ള പ്രവണത, ഇടപെടാനുള്ള പ്രവണത വളരെ കൂടുതലായിരിക്കും. പക്ഷെ ഈ പ്രായം ടി.വിയുടെ മുമ്പിലായിരിക്കുമ്പോൾ കുട്ടികളിൽ ജന്മസിദ്ധമായി സ്വയം ഇടപെട്ടുകൊണ്ട് വളർത്തിയെടുക്കേണ്ട അറിവുകൾ ലഭിക്കാതെയും കുട്ടികൾ പാസീവായി തീരുകയും ചെയ്യുന്നു. ഈ പാസിവിറ്റിക്കു കാരണം പലതാണ്. ഒന്നാമതായി ടി.വി. പ്രതികരണമോ, മറുപടിയോ, ശാരീരികവും മാനസികവുമായ ഇടപെടലുകളോ ആവശ്യപ്പെടുന്നില്ല. അതുകൊണ്ടുതന്നെയാണ് കുട്ടികളെ അടക്കി നിർത്താൻ വേണ്ടി മാതാപിതാക്കൾ ടി.വി. തുറന്നു കൊടുക്കുന്നത്.

കുട്ടികളുടെ ശ്രദ്ധാകേന്ദ്രം വളരെ കുറവാണെങ്കിലും ടി.വിയിൽ തുടരെത്തുടരെ മാറിക്കൊണ്ടിരിക്കുന്ന പടങ്ങൾ അവരെ ഉറക്കത്തിന്റെയും ഉണർവിന്റെയും നടുക്കുള്ളൊരു അവസ്ഥയിലേക്ക് തള്ളിവിടുന്നു. അതിനാൽ തന്നെ മറ്റ് ബുദ്ധിപരമായ ഇടപെടലുകൾ കുട്ടികളിൽ നടക്കുന്നില്ല. കാണുന്നതിൽ നിന്ന് ഗുണവും ദോഷവും വേർതിരിച്ചറിയാതെ വളരെ ആകർഷകമായിട്ടുള്ള കാര്യങ്ങളും പേടിപ്പെടുത്തുന്ന പടങ്ങളും മനസ്സിൽ തങ്ങി നിൽക്കുന്നു.

മന:ശാസ്ത്രജ്ഞരുടെ ബാംഗ്ലൂർ സമ്മേളനം വിലയിരുത്തുന്നത് ടി.വിയിൽ സീരിയലിനും സിനിമക്കും ഇടക്ക് പത്തോ ഇരുപതോ സെക്കന്റുകൾ ഉള്ള പരസ്യം പ്രദർശിപ്പിക്കുമ്പോൾ കാണികളുടെ ശ്രദ്ധയോ രണ്ടായിതിരിക്കുകയും കുട്ടികളുടെ ഏകാഗ്രതയെ ബലഹീനമാക്കുകയും ചെയ്യുന്നു എന്നാണ്.

Marie winn നടത്തിയ പഠനം പറയുന്നത് കുട്ടികളുടെ എഴുത്തിനെയും വായനയെയും ഓർമ്മ ശക്തിയെയും ദോഷകരമായി ബാധിക്കുന്നുവെന്നാണ്, Daniel R. Anderson ന്റെ 'The influence of T.V. on childrens attentional abilities' എന്ന പേപ്പറിൽ പറയുന്നത്. ഭൂരിപക്ഷം ടി.വി. പ്രോഗ്രാമുകളും കുട്ടികളുടെ ഏകാഗ്രത, ശ്രദ്ധ എന്നീ ഘടകങ്ങളെ സ്വാധീനിക്കുന്നു എന്നാണ്.

ജീവിതത്തിന്റെ മറ്റു പല വശങ്ങളും പോലെ ടി.വി.യെ അംഗീകരിക്കുന്നു. പക്ഷെ കല്ലും മുള്ളും തിരിച്ചറിയാത്ത കുഞ്ഞുങ്ങളെ അതിനു മുമ്പിൽ തപസ്സിരുത്തി നശിപ്പിക്കണോ? ഉത്തരം നിങ്ങളാണ് പറയേണ്ടത്. ഇന്നത്തെ കാമ്പസ്.

❖

## മസ്തിഷ്ക ജ്വരം ബാധിച്ച കുഞ്ഞു മനസ്സ്

ഹബീബ്.സി. (ബി.എ.ഇംഗ്ലീഷ്, രണ്ടാം വർഷം)

'സർവ്വവിസ്തൃതിയും ചിറകാക്കി
ഏതോ പെരും പക്ഷി നമ്മെ റാഞ്ചുവാൻ താവുകയായി
ഭൂമിയും ആകാശവും എന്നിൽ നിന്ന് പൊലിഞ്ഞ് പോയിരിക്കുന്നു.
ഞാൻ വെറുമൊരു ഇരയായി' KGS

നയിക്കപ്പെടാൻ ഒരു പ്രത്യയ ശാസ്ത്രമോ സ്വന്തമായി അൽപം ചിന്തയോ, ശക്തമായ കരങ്ങളോ ശബ്ദിക്കുന്ന നാവുകളോ, കിനാക്കളിൽ പോലും കാണാനാവാത്ത ഈ തലമുറയെകുറിച്ച് ചിന്തിക്കുമ്പോൾ മുകളിൽ ചേർത്ത KGS ന്റെ സ്വാഗതമൊഴിച്ച് മറ്റെന്തും എനിക്ക് കാഴ്ചവെക്കുന്നവനാണ് മാന്യൻ എന്ന് വരുത്തിത്തീർത്ത കമ്പോളാധിഷ്ഠിത സമൂഹത്തിലാണ് നാം ജീവിക്കുന്നത്. സംസ്കാരം, സമൂഹം, സാമൂഹികം, സാംസ്കാരികം എന്നീ പ്രയോഗങ്ങൾ എല്ലാംതന്നെ വ്യാപകമായ തലങ്ങളിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആ കൂട്ടത്തിൽ സംസ്കാരത്തെക്കുറിച്ചുള്ള റൈമണ്ട് വില്യംസിന്റെ ചിന്ത ഏറെ പ്രാധാന്യമർഹിക്കുന്നു. "നിശ്ചലതയിൽ നിന്നും ചലനാത്മകതയിലേക്കുള്ള മാറ്റം എന്നാൽ ചലനാത്മകമായ സമൂഹത്തെ നിശ്ചലമാക്കാൻ കെൽപുള്ള പ്രത്യയശാസ്ത്രങ്ങൾക്കാണ് ഉത്തരാധുനിക കമ്പോള സമൂഹം കൂടുതൽ വില നൽകുന്നത്.

> വളർന്ന് വരുന്ന ഒരു തലമുറയെ ഇപ്രകാരം ദിശാബോധമില്ലാതെ വ്യാപാരമൂല്യങ്ങളിലധിഷ്ഠമായി സൃഷ്ടിക്കപ്പെടുന്നത് മാനവരാശിയുടെ അസ്ഥിത്വത്തിനുമേലുള്ള ഒരു വലിയ കടന്നുകയറ്റമാണ്.

കീഴടക്കാനുള്ള പ്രവണത മനുഷ്യന് ജൻമ സിദ്ധമാണ്. എന്നാൽ മനുഷ്യന്റെ സാമൂഹിക നിലവാരം മാറുന്നതിനനുസരിച്ച് അവൻ പ്രയോഗിക്കുന്ന ഉപാധികളും മാറുന്നു.

വൈവിധ്യമാർന്ന വിനോദങ്ങളും മുത്തശ്ശിക്കഥകളും താരാട്ട് പാട്ടും കേട്ട് വളർന്ന കുട്ടിയെ ഇന്ന് പാഠപുസ്തകങ്ങളിൽ പോലും കാണാനില്ല. പകരം പുഴുവരിക്കുന്ന ചോക്ലേറ്റുകളും ഫാസ്റ്റ് ഫുഡും നുണഞ്ഞ് ഇന്റർനെറ്റും വീഡിയോ ഗെയിമും ക്രിക്കറ്റും ആസ്വദിച്ച് തനിക്ക് പേറേണ്ട ഭാരം കഴിയാവുന്നതിലധികമാവുമ്പോൾ അധികമായി ലഭിക്കുന്ന ഓരോ അസംസ്കൃത വസ്തുവിനേയും ഉൽപന്നമാക്കാൻ വെമ്പുന്ന (യന്ത്രസമാനനായ) ഒരു നിർമ്മാതാവിനെപ്പോലെയായിരിക്കുന്നു നമ്മുടെ ഇളം തലമുറ.

എവിടെയാണ് നമുക്ക് പിഴച്ചത് ? ഒരു സമൂഹത്തിന്റെ വിദ്യാഭ്യാസ വ്യവസ്ഥ എപ്പോഴും അവിടുത്തെ ഭരണകൂടത്തിന്റെ താല്പര്യാനുസൃതമായാണ് രൂപപ്പെടുന്നത്. 'ചിരിക്കുക ചിന്തി


ക്കുക' എന്നൊരു പഴയ പ്രയോഗമുണ്ട്. ഇന്ന് ആകട്ടെ അത് 'ചിരിക്കുക അനുഭവിക്കുക' എന്നായിരിക്കുന്നു. സാംസ്കാരികമായ അധിനിവേശം ഈ ഇളം തലമുറയെ എത്രത്തോളം സ്വാധീനിച്ചു എന്ന് വിലയിരുത്തുവാനാണ് ഈ ഉദ്യമം.

പണ്ടുള്ള പേരുകളൊന്നും ഇന്ന് കുട്ടികൾക്ക് വേണ്ട. ഇരട്ട കോമ്പിനേഷനുകളുള്ള ഇംഗ്ലീഷ് പേരുകളിലാണ് അവർക്ക് താൽപര്യം. അമ്മയെയും ബന്ധുമിത്രാതികളേയും പുതിയ പരസ്യത്തിലെ കൂടി അഭിസംബോധനം ചെയ്യുന്നത് പോലെ അഭിസംബോധനം ചെയ്യുന്നതിലാണ് അമ്മക്കും കുട്ടിക്കും താൽപര്യം. മാറിവരുന്ന പരസ്യങ്ങൾക്കനുസരിച്ച് തങ്ങൾക്ക് വസ്ത്രവും കുടയും ബാഗും ഇതരവസ്തുക്കളും വാങ്ങിച്ച് കൊടുക്കുന്ന അച്ഛനമ്മമാരോടാണ് കുഞ്ഞുങ്ങൾക്കേറെയിഷ്ടം. പാലിനേക്കാളേറെ ഹോർലിക്സും കോംപ്ലാനുമാണ് ആരോഗ്യത്തിന്റെ ലൈസൻസായി നമ്മുടെ അമ്മമാരും കുഞ്ഞുങ്ങളും കാണുന്നത്. വാങ്ങിക്കൊടുക്കുന്ന ചോക്ലേറ്റുകളുടെ വർദ്ധനയാണ് അവരുടെ സ്നേഹത്തിന്റെ ആഴം നിർണ്ണയിക്കുന്നത്. എന്ത്, ഏത് പ്രായത്തിലറിയണമെന്നൊരു വകതിരിവിന്നില്ല. പല പരസ്യങ്ങളും കണ്ട് കുഞ്ഞുങ്ങളുയർത്തുന്ന ചോദ്യങ്ങൾക്ക് മുന്നിൽ അച്ഛനമ്മമാർ ചൂളിപ്പോകുന്നു.

നമ്മുടെ സാംസ്കാരിക പൈതൃകം ഉൾക്കൊള്ളുന്ന പല കുട്ടിക്കളികളും കലകളും പാട്ടുകളും നമുക്കായിഉണ്ടായിരുന്നു. എന്നാൽ ഇന്നിതെല്ലാം വെറും ലജ്ജാവതിയിലൊതുങ്ങിയിരിക്കുന്നു. വിദ്യാഭ്യാസരംഗത്തും ഇത്തരമൊരു ജീർണ്ണത കുട്ടികളിൽ കാണുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ അവജ്ഞതയോടെയാണ് നമ്മുടെ സാധാരണ വിദ്യാലയങ്ങളിൽ പഠിക്കുന്ന അവരുടെ സുഹൃത്തുക്കളെ നോക്കികാണുന്നത്. താനൊരു സാധാരണ വിദ്യാലയത്തിലാണ് പഠിക്കുന്നത് എന്ന് പറയാൻ ഇന്നൊരു കുട്ടി ലജ്ജിക്കുന്നു. അവർക്ക് കാണാതെ പഠിച്ചെഴുതുന്ന പഴയ ആ വിദ്യാഭ്യാസ രീതിയിൽ തന്നെയാണ് താൽപര്യം. ഈ താൽപര്യം വർദ്ധിപ്പിക്കാൻ മാത്രമെ രക്ഷിതാക്കളും മാധ്യമങ്ങളും ശ്രമിക്കുന്നുള്ളു.

മതപരമായ വികാരപ്രകടനങ്ങളും ചെറിയ തോതിലെങ്കിലും കുട്ടികൾക്കിടയിൽ പ്രകടമാവുന്നു. എത്ര ഉയർന്ന കുടുംബത്തിൽ നിന്ന് വരുന്ന കുട്ടിയാണെങ്കിലും ഏത് ഉയർന്ന വിദ്യാലയത്തിലാണ് പഠിക്കുന്നത് എങ്കിലും സ്വന്തം മതം നോക്കിയാണ് ഇന്ന് കുട്ടികൾ കൂട്ടുകാരെ തെരഞ്ഞെടുക്കുന്നത്. അന്യമതക്കാരുമായി ഇഴകിചേരുന്നതിൽ നിന്ന് അവനെ ഏതോ ഒരു ശക്തി പിൻതിരിപ്പിക്കുന്നു. ഈ പ്രവണത വർദ്ധിപ്പിക്കുന്നതിന് രക്ഷിതാക്കളുടെ പങ്ക് ചില്ലറയല്ല. ഓരോ രക്ഷിതാവും തന്റെ മക്കളെ പഠിപ്പിക്കാനായി സ്വന്തം സമുദായം നടത്തുന്ന വിദ്യാലയങ്ങൾ തേടിയാണ് പോവുന്നത്. ഇത്തരമൊരു പശ്ചാത്തലത്തിൽ വളരുന്നത് കുട്ടിയുടെ മാനസികതലം കൂടുതൽ ഇടുങ്ങിയതാക്കുന്നു.

അൾട്രൂയിസം, അഥവാ അന്യനു വേണ്ടി എന്തെങ്കിലും ചെയ്യാനുള്ള സന്നദ്ധത ഒരു മാനുഷിക സവിശേഷതയാണ്. ഇത് നമുക്ക് കുട്ടിക്കാലത്ത് തന്നെ ലഭിച്ചിരുന്നു. എന്നാൽ ഇന്ന് സ്ഥിതി മറിച്ചാണ് കൂട്ടുകാരൻ വീണതറിഞ്ഞാൽ ഉടനെ മുതിർന്നവരെ വിവരമറിയിക്കാനോ തന്നാൽ കഴിയുന്ന പ്രാഥമിക ശുശ്രൂഷ നൽകാനോ പണ്ട് നമ്മുടെ കുട്ടികൾ പ്രാപ്തരായിരുന്നു. എന്നാൽ ഇന്ന് ആ വീഴ്ച കാണുന്ന കുട്ടി ഒരു പൊട്ടിച്ചിരിയോടെയാണ് അത് എതിരേൽക്കുന്നത്. ഉത്തരാധുനികതയുടെ മുഖമുദ്രയായി സാമൂഹിക ശാസ്ത്രജ്ഞർ ചൂണ്ടിക്കാണിക്കുന്ന എന്റർടൈൻമെന്റൽ വൈലൻസ് ചെറിയ തോതിലെങ്കിലും കുട്ടികളെ ബാധിച്ചിട്ടുണ്ടെന്ന് വേണമല്ലോ മനസ്സിലാക്കാൻ.




നമ്മുടെ ബന്ധങ്ങളേയും ഈ ജഢിലത ബാധിച്ചിട്ടുണ്ട്. ഒരു പക്ഷെ തലേന്ന് ചോദ്യപേപ്പർ ലഭിച്ചാൽ കൂട്ടുകാരിയുമായി പങ്കിടുമോ എന്ന് ഉറ്റകൂട്ടുകാരിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് എൻട്രൻസിന് പഠിക്കുന്ന ഒരു പെൺകുട്ടിയോട് ചോദിച്ചപ്പോൾ ഇല്ലെന്നായിരുന്നു ഉത്തരം. എല്ലാത്തിനുമുപരി അമിതമായ മാത്സര്യാവേശമാണ് നമ്മുടെ കുട്ടികളെ ഭരിക്കുന്നത്.

മേൽപറഞ്ഞ എല്ലാ സംവിധാനങ്ങളും, സമൂഹത്തിന്റെ താഴെത്തട്ടിലുള്ള കുട്ടികൾക്ക് ലഭ്യമല്ലെങ്കിലും ഈ മാറ്റത്തിന്റെ പ്രഭാവം പടിപടിയായി അവരിലും കാണുന്നുണ്ട്. വളർന്ന് വരുന്ന ഒരു തലമുറയെ ഇപ്രകാരം ദിശാബോധമില്ലാതെ വ്യാപാരമൂല്യങ്ങളിലധിഷ്ഠമായി സൃഷ്ടിക്കപ്പെടുന്നത് മാനവരാശിയുടെ അസ്ഥിത്വത്തിനുമേലുള്ള ഒരു വലിയ കടന്നു കയറ്റമാണ്. ഇത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ഇത്തരമൊരു പ്രതിസന്ധിയെ കീഴടക്കേണ്ടത് വരും തലമുറയുടെ ഭാവിയെ കുറിച്ച് ആശങ്കയുള്ള സാംസ്കാരിക പ്രവർത്തകരുടെ ബാധ്യതയാണ്. അതിനെക്കുറിച്ച് നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ഒന്നു തീർച്ച പശ്ചാത്യലോകത്ത് ഈ അടുത്ത കാലത്ത് കണ്ട് വരുന്ന ചാനൽ ബഹിഷ്കരണം സമീപ ഭാവിയിൽ കിഴക്കും വന്നുകൂടെന്നില്ല. അതു തന്നെയാണ് ഇത്തരമൊരു സാസ്കാരിക പ്രതിസന്ധിയിൽ നിന്ന് നമ്മുടെ ഇളം തലമുറയെ രക്ഷിക്കാനുള്ള ഏറ്റവും മികച്ച പോം വഴി.

❖

## പാഠത്തെക്കുറിച്ചും പഠനത്തെക്കുറിച്ചും

എൻ.പി.ഹാഫിസ് മുഹമ്മദ് (സോഷ്യോളജി വിഭാഗം)

### ഊഞ്ഞാലവധി

സ്കൂളിൽ പഠിക്കുന്ന നാളുകളിൽ ഏതോ ഒരവധിക്കാലത്താണ് സ്വയമൊരു ഊഞ്ഞാലായ് മാറിയത്. ഉപ്പാപ്പയുടെ വീട് പരപ്പനങ്ങാടിയിലായിരുന്നു. ഉപ്പാപ്പ കോഴിക്കോട് വന്ന് കുടിയേറിയതാണ്. അവിടെ വലിയൊരു പറമ്പും ചെറിയൊരു വീടും രണ്ടു പെങ്ങന്മാരും ബാക്കിയായി. പെങ്ങന്മാരിലൊരാൾ വിവാഹമോചിത. മറ്റേയാൾ ഭർത്താവ് മരിച്ച് വീട്ടിൽ തിരിച്ചെത്തിയത്. അവരുടെ മോൾ കൊച്ചിയിൽ. പറങ്കിമാവുകളെമ്പാടും




പടർന്നുകിടക്കുന്ന പറമ്പിൽ ചെത്തിത്തേക്കാത്ത, വാതിലുകൾക്കോ ജനവാതിലിനോ ഉറപ്പില്ലാത്ത വീട്ടിൽ അവർ സുരക്ഷിതരായിരുന്നു. അവധിക്കാലത്തവിടെയെത്തുമ്പോൾ വീടല്ല, വീടിനുചുറ്റും പൊതിഞ്ഞുകിടക്കുന്ന പറമ്പായിരുന്നു നിധി.

കല്ലായിയിൽനിന്ന് കേറുന്ന കരിവണ്ടി ആവിയും പുകയും തുപ്പി കൂവിക്കൂവി ഒരൊച്ചിനെപ്പോലെ എന്ന പ്രാർത്ഥനയോടെ യാത്ര. അവിടെയെത്തിയാൽ അമ്മായിമാർ ഒരു വർഷമായി കൂട്ടിവെച്ച നന്മകളൊക്കെ പേരമക്കൾക്കുമുന്നിൽ പുഞ്ചിരി പൊഴിക്കുന്നു. പകലുടനീളം പറമ്പിൽ. കല്ലും മുള്ളും കരിമൂർഖനും

മറ്റത്താറാട്ട്. പരമ സ്വാതന്ത്ര്യത്തോടെ പടർന്ന് പരന്ന് കൂടാരമായി മാറിയ പറങ്കി മൂച്ചികളിൽ കേറുക തെങ്ങി നപ്പുറം ഒരു ചെടിപോലും കാണാത്തവനും എളുപ്പം.

ചുവന്ന് തുടുത്ത പഴുത്ത് പാകമായ പറങ്കമാങ്ങയുടെ പ്രവാഹം. ചവച്ച് നീരെടുത്ത് ചണ്ടി തുപ്പി കാറ്റിൽ പറ ത്തി, അണ്ടികളൊരിടത്ത് ശേഖരിച്ചുവെച്ച്, പറമ്പാകെ പറന്ന് രസിക്കുന്നു. സുഖലാസ്യത്തിൽ പറങ്കിക്കൊമ്പിൽ കപ്പലോട്ടം.

ഒരുനാളങ്ങെനെയോ ഒരു അയൽവക്ക കുട്ടി കൊമ്പു കളിലൊന്നിൽ കാലുകൾ മടക്കി കൊതുക്കി തലകീഴായ് തൂങ്ങി, ഊഞ്ഞാലാടുന്നതുകണ്ട് അന്തംവിട്ടുപോയി. അവ നൊരു ഗുരുവായ്, ഞാനൊരു ലഘുവായ്. എങ്ങിനെയൊ ക്കെയോ ഞാനുമൊരു ഊഞ്ഞാലായി. ഭൂലോകം മറിച്ചി ട്ടു. ആകാശം ഇലപൊതിഞ്ഞ കൊമ്പുകൾക്കപ്പുറം കാൽക്കീഴിൽ. കരിയിലകളും കമ്പുകളും കൊണ്ട് ഉടയാ ടയണിഞ്ഞ ഭൂമി തലക്കുതാഴെ, ആനന്ദ നിർവൃതിയിൽ ഇടംവലം ഉലയുന്നു.

സകലം തലകീഴായ് മറിയുന്ന രചനയുടെ അപൂർവ്വാ ഹ്ലാദമങ്ങിനെ...


### ജീവിതോത്സവം

സ്ഥാപിച്ചെടുക്കുന്ന വിദ്യാഭ്യാസവും കെട്ടിപ്പടുക്കുന്ന സ്ഥാപനവും കുട്ടികളുടെ സ്വപ്നം കാണാനുള്ള കഴി വിനെ ഏതുവിധം തിരസ്കരിക്കുന്നു? ഇടശ്ശേരിയുടെ വേവലാതി: 'വിദ്യാലയത്തിൽപോയി വ്യാകരണമിത്തിരി പഠിക്കുന്നതോടെ ഭൂമിയിലെ പൂക്കളോടും പൂമ്പാറ്റക യോടും പേച്ച് നടത്തുന്ന മനോരമ്യഭാഷ കുട്ടികൾക്കു നഷ്ടപ്പെടുമല്ലോ.' പേരക്കുട്ടി സ്കൂളിൽ ആദ്യമായി പോകുന്ന ദിനം കവി വരാനിരിക്കുന്ന വിപത്തിനെക്കു റിച്ച് മുന്നറിയിപ്പ് നൽകുകയായിരുന്നു. ഏത് ലോകങ്ങ ളോടും സംവദിക്കാനാവുന്ന സ്വപ്നഭാഷ വിദ്യാലയ ത്തിൽവെച്ച് കൈമോശംവരുന്നു. രചനാത്മകമായ വിദ്യാ ഭ്യാസത്തെ ഔപചാരികവിദ്യാഭ്യാസം വിഴുങ്ങുന്നു.

ജന്മനാ ഭാവനാസമ്പന്നമായ ബാലമനസ്സിനെ തളച്ചി ടാനുള്ള ചങ്ങലക്കണ്ണികൾ കൊണ്ട് വിദ്യാലയം പണി യുന്നു. വിലക്കുകളുടെ വലിയ ഇഷ്ടികകൾ അടുക്കി വെച്ച് സ്വപ്നങ്ങളെ തടവറയിലാക്കുന്നു. പാറിപ്പോകരു തൊരിക്കലും എന്നുറപ്പിച്ച് തടിച്ച മരത്തടികൊണ്ട് മേൽക്കൂര പണിത് ഓടിട്ടുമൂടുന്നു. കെട്ടുറപ്പുള്ള വാതി ലുകൾ വെച്ച് അടച്ചിടുന്നു. ഇനിയഥവാ ഇങ്ങിനെ ബാഹ്യ തലത്തിൽ കെട്ടിപ്പൊക്കാനാവാതെ വരുമ്പോൾ, തൂണു കളിൽ പണിത കൂടാരങ്ങൾ തകർത്ത് അദൃശ്യമായ വല ക്കണ്ണികൾ നെയ്ത് മൂട്ടുന്നു.

സിലബസ്, പാഠം, പരീക്ഷ, ജയം അല്ലെങ്കിൽ തോൽവി. സ്ഥാനക്കയറ്റം അല്ലെങ്കിൽ ഇരുന്നേടം. പഠി ക്കുന്നത് മറ്റാർക്കോ വേണ്ടി. പഠിക്കുന്നത് പാഠത്തെ തിര സ്കരിക്കാൻ പാഠം പാഠമാകാതിരിക്കുന്ന പ്രക്രിയ.

ഒരു വാർപ്പുപണിക്ക് കൂട്ടുനിൽക്കുന്ന അദ്ധ്യാപകൻ ഞാൻ. ക്ലാസിൽ, കഴിയുമെങ്കിൽ പ്ലാറ്റ്ഫോമിൽ കയറി നിന്ന്, പാഠങ്ങൾ കാർപ്പറ്റ് ബോംബിങ്ങ് നടത്തുക എന്നത് എന്റെയും കർമ്മം. നട്ടെല്ലില്ലായ്കകൾ കൂലിപ്പണി, അടി മപ്പണി.



അപ്പോഴും ഒരു സ്വപ്നം:

മുന്നിലിരിക്കുന്നവരിലൊരാൾ ചിറക് വിടർത്തിയുയ രും. ജനലഴികൾ ഭേദിച്ച് പുറത്തേക്ക് പറക്കും. ചിട്ടവെച്ച് പണിത പൂന്തോട്ടവും നിറം കൊടുത്ത് തുണിനൂലിലു യർത്തിക്കെട്ടിയ പതാകയും കാവലാളുകളെയൊക്കെ വിട്ട് ഒരു കുട്ടി ആകാശത്തേക്കുയരും. ഒരു കുട്ടിയെങ്കിലും സർഗ്ഗരചനയുടെ സ്വാതന്ത്ര്യമറിയും. ഒരു ജോനാഥൻ സീഗൾ. സ്വയമൊരു പാഠമായ് മാറുന്ന ഒരു പറവ.

തീർച്ച, കാവലാളറിയാതെ ചിലർ പാറിപ്പറന്ന് സ്വപ്നാ കാശം പൂക്കാറുണ്ട്. ആരുമറിയാതെ. അല്ലെങ്കിലീ ജീവിതം ഉത്സവമാകാതെ പോയേനെ.

### ഗുരുവും ശിഷ്യനും

കാടിനോട് ചേർന്ന നാല് കൃഷിക്കണ്ടങ്ങൾക്കപ്പുറം, പുൽ മേഞ്ഞ് മണ്ണുതേച്ച് മിനുക്കിയ ഒരു കൂട്ടിലായിരുന്നു താമസം. ഞങ്ങൾ പന്ത്രണ്ടോളം പേർ. ഞങ്ങൾക്ക് രക്ഷാ ധികാരിയായി ജോൺസി ജേക്കബ് സർ. ജോൺസി സാറിൽനിന്നാണ് ഞാൻ കാടിന്റെ സൗന്ദര്യമറിഞ്ഞത്. കാടിനുള്ളിൽ കേറും മുൻപേ, എത്തിച്ചേർന്ന രാത്രിയിൽ, ജോൺസി സാർ കാടറിയാനുള്ള മർമ്മങ്ങൾ പറഞ്ഞുത ന്നു.

പിറ്റേന്ന് കാലത്ത് വയൽ വരമ്പ് കേറി. കാടതിർത്തി കടന്ന് മുളങ്കൂട്ടങ്ങൾക്കിടയിലൂടെ നടന്ന്, കാടകംപൂകി. ജോൺസിസാർ പറഞ്ഞിരുന്നു: നാം കാട്ടിൽ കടന്ന് കേറ്റ ക്കാരാണ്. നമ്മളുടെ കടന്നുകേറ്റം കാടിന്റെ ഒടുവിലെ വട്ടത്തിലുള്ള കാവൽക്കാരായ പറവകൾ മറ്റ് ജീവജാല ങ്ങളെ അറിയിച്ചിരിക്കും. സഹജാവ ബോധത്തിന്റെ സമ്പൂർണ്ണതയിലാണ് കാടെന്ന്. കാടിനുള്ളിൽ ഒരു കാലം വെള്ളമൊഴുകി വറ്റിയുണങ്ങിയ മണൽത്തുണ്ടിയിലിരുന്ന് ജോൺസിസാർ വിവരിച്ചു. ആദിഗുരുവിന്റെ ശബ്ദം.

പിന്നെ നാട്ടിൽ ബാക്കിയായ കാടിൻതുണ്ടുകളിൽ പോയപ്പോഴൊക്കെ ഗുരുവിന്റെ ശബ്ദം മുഴങ്ങി.

നാളേറെക്കഴിഞ്ഞ് നിശ്ശബ്ദ താഴ്‌വരയിലെ കാടിനുള്ളിൽ എന്റെ വിദ്യാർത്ഥികളുമായ് ഞാൻ കേറി. ഞാൻ പറഞ്ഞു: “കാടിന്റെ സംഗീതമറിയാൻ നമ്മുടെ നിലവിളിയും ആർത്തിയുമവസാനിപ്പിക്കണം. ധ്യാനനിർഭരമായ ഒരു മനസ്സിനേ കാടിന്റെ ജീവനറിയൂ. ഇലകളുടെ മർമ്മരങ്ങളും മുളങ്കൂട്ടത്തിന്റെ സംഗീതവും കിളികളുടെ ചിലക്കലും ചീവീടിന്റെ കരച്ചിലും കൊമ്പന്റെ ചിന്നംവിളിയും കുറുക്കന്റെ കൂവലും ചേർന്നാലേ കാടാകൂ. ഇവിടെയൊന്നും വേർപെട്ട് കിടക്കുന്നില്ല. ഒന്ന് മറ്റൊന്നുമായ് ചേർന്നുകിടക്കുന്നു. ഒന്ന് മറ്റൊന്നുമായ് ഇണങ്ങിക്കിടക്കുന്നതറിയുമ്പോഴേ ചേരുവയുടെ പൂർണ്ണതയറിയൂ. ഈ വ്യവസ്ഥയിൽ ഞാൻ ഒരു കണികമാത്രം. ഈ വിശാലതയിൽ ഞാൻ നിസ്സാരൻ. ഞാനൊന്നുമല്ല. ഞാൻ എല്ലാമാണുതാനും. ഞാൻ തന്നെ പച്ചില. ഞാൻ തന്നെ മാൻപേട. ഞാൻതന്നെ പറവയും മൺതരിയും. മറ്റൊന്നിന്റെ സുഖദുഃഖങ്ങളറിയുന്ന നിമിഷം ഞാനില്ല, നീയില്ല, മറ്റൊന്നില്ല എല്ലാമാകുന്ന ഒരൊറ്റ.



കേളേജിൽ തിരിച്ചെത്തിയപ്പോൾ മാത്സിന് പഠിക്കുന്ന ദീപ പറഞ്ഞു: ‘സർ ഇപ്പോ ഒരിലപോലും നുള്ളാനാവുന്നില്ല.’ നാഷണൽ സർവ്വീസുകാരൻ കൃഷ്ണൻ പറഞ്ഞു: ‘എനിക്കെന്റെ ചുറ്റുപാടിനെ തൊട്ടറിയാനാവുന്നതിപ്പോൾ.’ സമൂഹശാസ്ത്രം വായിക്കുന്ന ഷെറി പറഞ്ഞു: ‘എനിക്കെന്റെ ഗുരുക്കന്മാരായി ഞാൻ ശിഷ്യനായി.’

❖

---

*കരിവണ്ടി: സ്റ്റീമെഞ്ചിൻ വലിക്കുന്ന പഴയ തീവണ്ടി.*
*ഇടശ്ശേരിയുടെ കവിത: പള്ളിക്കൂടത്തിലേയ്ക്ക് വീണ്ടും.*
*ജോനാഥൻ സീഗൾ: റിച്ചാർഡ് ബാച്ചിന്റെ ജോനാഥൻ സീഗൾ എന്ന നോവലിലെ പ്രധാന കഥാപാത്രം.*
*ജോൺസി ജേക്കബ്: പയ്യന്നൂർ ഗവ. കോളേജിലെ സുവോളജി വകുപ്പ് മേധാവിയായിരുന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തകൻ.*
*നിശ്ശബ്ദ താഴ്‌വര: സൈലന്റ് വാലി കാട്.*

# പരിപാലനകളറ്റ ബാല്യം

ബിന്ധ്യ പി.എം. (ബി.എസ്.സി.മാത്സ് മൂന്നാം വർഷം)

സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിൽവെച്ച് ഒരു മേജർ ഓപ്പറേഷനും നടത്തി, അമൂൽപ്പൊടിയോ ഹോർലിക്സോ നിപ്പിളിലാക്കി കുഞ്ഞിന്നരികിൽവെച്ച്, കുഞ്ഞിനെ വേലക്കാരിയുടെ കൈയിലേൽപ്പിച്ച് രണ്ടുമാസം ദേഹമനക്കാതെ ആട്ടിൻ സൂപ്പോ, ശരീരപുഷ്ടിക്കുള്ള ലേഹ്യങ്ങളോ സേവിച്ചങ്ങനെ കഴിഞ്ഞുകൂടണം. കുഞ്ഞിന്റെ കരച്ചിൽ ഇക്കൂട്ടർക്കു വിരോധം. കരച്ചിൽ കൂടുന്തോറും കളിപ്പാട്ടങ്ങളുടെ എണ്ണവും കൂട്ടണം. പാവം കുഞ്ഞിനറിയുമോ ഇതൊക്കെ ആധുനിക മാതൃത്വത്തിന്റെ ലക്ഷണങ്ങളാണെന്ന്. ഇന്നവന് ജനിച്ചുവീഴാനുള്ള ആധുനീകതയുടെ അകമ്പടിയൊഴിച്ചാൽ മറ്റെല്ലാം പുരാണങ്ങളിലും ഇന്നും തുല്യമാണ്. അന്നു ജനിച്ച കുഞ്ഞുങ്ങൾക്കും ഇന്നു ജനിക്കുന്ന കുഞ്ഞുങ്ങൾക്കും ഒരേ രൂപം തന്നെ! വ്യത്യാസം പരിപാലനത്തിനുമാത്രം. ഇന്നവ അറ്റുപോയിരിക്കുന്നു.

ഇവിടെ മാറിയത് മാതൃത്വവും മാതൃത്വത്തെക്കുറിച്ചുള്ള സങ്കൽപവുമാണ്. ഇവിടെനിന്നുതന്നെയാണ് ഇന്നത്തെ സമൂഹത്തിന്റെ തകർച്ചയുടെ തുടക്കവും. മുത്തശ്ശിമാരുടെ ലാളനകൾ ഇന്ന് 'വാടക മുത്തശ്ശി'മാർക്കും അമ്മിഞ്ഞപ്പാല് അമൂൽപ്പൊടിക്കും വഴിമാറുമ്പോൾ തകർക്കപ്പെടുന്നത് രണ്ടു തലമുറകൾ തമ്മിലുള്ള സ്നേഹബന്ധമാണ്. പുത്തൻ പുരോഗതിയുടെ നാഴികക്കല്ലെന്നുകരുതുന്ന ഡേ കെയർ സെന്ററുകൾ മുതൽ വൃദ്ധസദനങ്ങൾവരെ കൂണുപോലുയരുന്നത് ഇവിടുന്നാണ്.

വാവിട്ടുകരയുന്ന കുഞ്ഞിന്റെ വായിലേയ്ക്ക് ഉറക്കഗുളിക പൊടിച്ച് പാലിൽ ചാലിച്ച് കുടിപ്പിക്കുന്ന മാതൃത്വവും അയൽപക്കങ്ങളിലെ കൂട്ടുകാരോടൊപ്പം കളിച്ച് വളരാനും ചങ്ങാത്തം കൂടാതിരിക്കാനുമായി വലിയ മതിൽ കെട്ടി കുഞ്ഞിനെ കൂട്ടിലടയ്ക്കുന്ന(ഒരു ഡോബർമാൻ പട്ടിയെപ്പോലെ) പിതൃത്വവും. ആരെങ്കിലും ക്രൂരമെന്ന് വിളിച്ചുപറഞ്ഞാൽ അവനെയിന്ന് യാഥാസ്ഥിതികനായി സമൂഹം വീക്ഷിക്കുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചേർന്നിരിക്കുന്നു.

ഇന്ന് കുഞ്ഞുങ്ങൾക്ക് ജന്മദിനങ്ങൾ ആഘോഷങ്ങളുടെ കൂത്തരങ്ങാണ്. കാരണം, വർഷത്തിലൊരിക്കൽ തങ്ങൾക്ക് ജന്മം തന്നവരെ കാണാൻ കഴിയുന്ന ദിവസം. ഒന്നു മനസ്സുതുറന്ന് ചിരിച്ച് കളിക്കാനുള്ള അപൂർവ്വം ദിവസങ്ങളിലൊന്ന്... ഇങ്ങനെ നീളുന്നു അതിന്റെ പ്രത്യേകതകൾ.

താരാട്ടുപാട്ട് ഇന്നവനില്ല. അവനുറങ്ങുന്നത് ദിക്കുകൾ പ്രകമ്പനം കൊള്ളിക്കുന്ന അടിപൊളി ഗാനത്തിന്റെ താളത്തിലോ, 'ഇഷ്ടമല്ലെടാ ഈ തൊട്ടുനോട്ടം ഇഷ്ടമല്ലെടാ', 'ലജ്ജാവതിയേ...' എന്നുതുടങ്ങുന്ന ഗാനങ്ങളുടെ അകമ്പടിയോടെയോ ആണ്. ഒടുവിൽ ആരെയും ഇഷ്ടമല്ലാതെ ലജ്ജാവതിമാരുടെ അകമ്പടിയോടുകൂടി അച്ഛനമ്മമാരെ വൃദ്ധസദനങ്ങളിലേയ്ക്ക് കുടിയൊഴിപ്പിച്ചാൽ അതിശയിക്കേണ്ട.

ടി.വി. റൂമിലിരുന്ന് സ്ക്രീനിൽ പൂക്കളമിട്ട് പായ്ക്കറ്റ് പായസം വാങ്ങിക്കുടിച്ച് രസിക്കുന്ന പുത്തൻ കുട്ടികൾക്ക് ഇന്ന് 'മഹാബലി' കുടവയറും തൂക്കി നടക്കുന്ന കോമാളിയും 'വാമനൻ' ഇന്നത്തെ ശക്തിമാനും തുല്യമാണ്. അതല്ലാതതിലുപരി മറ്റാരുമല്ല.

അയൽപക്കത്തെ കുട്ടികളെക്കാൾ മാർക്കുവാങ്ങാൻ അച്ഛനമ്മമാർ കുട്ടികളെ കൊല്ലാക്കൊല ചെയ്യുമ്പോൾ നഷ്ടപ്പെടുന്ന ബാല്യത്തെ നോക്കി നെടുവീർപ്പിടാനേ ഇന്നത്തെ പ്രബുദ്ധ ജനതയ്ക്കാവുന്നുള്ളൂ. ഒടുവിൽ സമനില തെറ്റി മാനസികരോഗ വിദഗ്ധന്റെ അടുത്തെത്തുംവരെ ഈ ചെയ്തികൾ തുടരുന്നു.

ബന്ധങ്ങളുടെ വിലയറ്റ് മാനുഷിക മൂല്യങ്ങൾ ക്ഷയിച്ച് ഇന്നത്തെ ബാല്യം വളരുമ്പോൾ പ്രതീക്ഷിക്കാനൊന്നുമില്ല. ഭയക്കാനൊരുപാടുണ്ടുതാനും. ഇന്നത്തെ പരിപാലനങ്ങളെ ഒരു പുനർവിചാരണയ്ക്ക് വിധേയമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പരിപാലനകളറ്റുവീഴുമ്പോൾ പരിഹരിക്കാനാവാത്ത മുറിവുമായി ബാല്യങ്ങൾ സമൂഹ മനഃസാക്ഷിയെ നോക്കി വിലപിക്കുമ്പോൾ ഉത്തരം പറയേണ്ടത് ഇന്നത്തെ ക്യാമ്പസാണ്.

❖

അവനുറങ്ങുന്നത് ദിക്കുകൾ പ്രകമ്പനം കൊള്ളിക്കുന്ന അടിപൊളി ഗാനത്തിന്റെ താളത്തിലോ, 'ഇഷ്ടമല്ലെടാ ഈ തൊട്ടുനോട്ടം ഇഷ്ടമല്ലെടാ', 'ലജ്ജാവതിയേ...' എന്നുതുടങ്ങുന്ന ഗാനങ്ങളുടെ അകമ്പടിയോടെയോ ആണ്. ഒടുവിൽ ആരെയും ഇഷ്ടമല്ലാതെ ലജ്ജാവതിമാരുടെ അകമ്പടിയോടുകൂടി അച്ഛനമ്മമാരെ വൃദ്ധസദനങ്ങളിലേയ്ക്ക് കുടിയൊഴിപ്പിച്ചാൽ അതിശയിക്കേണ്ട.

## രതിപീഠത്തിലെ രോദനങ്ങൾ

ഹാഫിസ് കുരിക്കൾ (ബി.എസ്.സി. സ്റ്റാറ്റി. ഒന്നാം വർഷം)

ഒരു നട്ടുച്ചയ്ക്ക് അമ്മ ഉറങ്ങിക്കിടക്കുംമ്പോഴാണ് കുട്ടി സാവധാനത്തിൽ വാതിൽ തുറന്ന് മാമന്റെ വീട്ടിലേക്കോടിയത്. പിന്നീട് അവൾ കരഞ്ഞും വശം കെട്ടും മടങ്ങിയപ്പോൾ അമ്മ പരിഭ്രാന്തയായി. "മാമൻ ചീത്ത..." അവൾ പറഞ്ഞു. അവൾ തേങ്ങുന്നുണ്ടായിരുന്നു. വേദനിക്കുന്നെന്നും പറഞ്ഞ് ചൂണ്ടിക്കാട്ടിയ ഭാഗം ചുവന്നും വീർത്തും കാണപ്പെട്ടു. (ചീത്ത മാമൻ- മാധവിക്കുട്ടി - 1998)

ലോകത്തെ മൂന്നു പെൺകുട്ടികളിൽ ഒരാളും അഞ്ച് ആൺ കുട്ടികളിൽ ഒരാളും 18 വയസ്സിൽ താഴെ പ്രായമുള്ളപ്പോൾ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്നു...!

**യഥാർത്ഥ്യങ്ങൾ :** ഭരണസിരാകേന്ദ്രമായ സെക്രട്ടറിയേറ്റിന്റെ മൂക്കിന് കീഴെയുള്ള ഗാന്ധാരി അമ്മൻ കോവിൽ റോഡിൽ 12 കാരി നാലു മാസത്തോളം (2004 ജനുവരി മുതൽ ഏപ്രിൽ വരെ) ലൈംഗികമായി പീഡിപ്പിക്കപ്പെട്ടു. വീട്ടിൽ വാടകയ്ക്ക് താമസിച്ചിരുന്ന 26 കാരനായിരുന്നു പ്രതി.

2004 മാർച്ച് - കണ്ണൂർ - ആലക്കോടിൽ പത്താം ക്ലാസ് പരീക്ഷ എഴുതിയിരുന്ന 16 -കാരി വീട്ടിൽ പ്രസവിക്കുന്നു. നാട്ടുകാർ ആദ്യം അയൽവാസികളെയും സഹപാഠികളെയും സംശയിച്ചു. ഒടുവിൽ പെൺകുട്ടി പോലീസിന് മുമ്പിൽ മൊഴി നൽകിയപ്പോൾ പിടിയിലായത് 48 കാരനായ സ്വന്തം അച്ഛൻ.

ഇങ്ങനെ എത്രയെത്ര വാർത്തകൾ ദിവസവും രാവിലെ ചൂടോടെ നമ്മുടെ ഉമ്മറ പടിക്കൽ വന്നു വീഴുന്നു. നാളെ നമ്മുടെ പെങ്ങൻമാർക്കോ, മക്കൾക്കോ ഇത് സംഭവിക്കുമ്പോഴാണ് വാർത്തയുടെ ഗൗരവം മനസ്സിലാകുക.

ഇനി ചില യാഥാർത്ഥ്യങ്ങളിൽ നിന്ന് തുടങ്ങാം. 2000 - ത്തിൽ കൊച്ചി നഗരത്തിലെ 16 സ്കൂളുകളിൽ 10,000 കുട്ടികളിൽ ടോർച്ചർ പ്രിവൻഷൻ സെന്റർ ഇന്ത്യയും, കൊച്ചിൻ മെന്റൽ ഹെൽത്ത് സെന്ററും (C.M.H.C) പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസും (P.C.S.T) സംയുക്തമായി നടത്തിയ പഠനത്തിൽ കണ്ടെത്തിയ വിവരങ്ങൾ ഞെട്ടിപ്പിക്കുന്നവയാണ്. 12-17 വയസ്സിനിടയ്ക്ക് പ്രായമുള്ള 41% കുട്ടികളും തങ്ങൾ സ്കൂളിലോ വീട്ടിലോ പൊതു സ്ഥലത്തോ ലൈംഗികമായും ശാരീരികമായും മാനസികമായും പീഡിപ്പിക്കപ്പെടുന്നുണ്ടെന്ന് വെളിപ്പെടുത്തുന്നു. അതിൽ ആറു ശതമാനം പെൺകുട്ടികളും 4 ശതമാനം ആൺകു



വിദ്യാർഥിനി ... പ്രസവിച്ചു: നാട്ടുകാർ പിതാവിനെ പോലീസിലേൽപ്പിച്ചു

ആലക്കോട്: എസ്.എസ്.എൽ.സി വിദ്യാർഥിനിയായ ... പ്രസവിച്ച സംഭവത്തോടനുബന്ധിച്ച് നാട്ടു... പെൺകുട്ടിയുടെ പിതാവിനെ പിടികൂടി പോലീസ് ... നിൽ ഏൽപ്പിച്ചു. ... ലാണ് സംഭവം.

എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ പെൺകു... കൾ കഴിഞ്ഞ ദിവസമാണ് പ്രസവിച്ചത്. ഗർഭത്തി... രവാദി പിതാവാണെന്ന് പെൺകുട്ടിയും മാതാവും ... വെന്ന് നാട്ടുകാർ പറയുന്നു. എന്നാൽ, മദ്യപാനിയായ പി... കഴിഞ്ഞദിവസം മദ്യപിച്ചശേഷം നാട്ടുകാരിൽ ചിലരോ... ളുടെ ഗർഭത്തിന് ഉത്തരവാദിയെന്ന് പറഞ്ഞുവത്രേ. പെൺ... ട്ടിയിൽ നിന്ന് സത്യം മനസിലാക്കിയ നാട്ടുകാർ ഇയാളെ... കൂടി പോലീസിലേൽപ്പിക്കുകയായിരുന്നു. പെൺകുട്ടി... നിന്ന് മൊഴിയെടുത്ത ശേഷം നടപടികൾ സ്വീകരിക്കു... ആലക്കോട് പോലീസ് പറഞ്ഞു.

ട്ടികളും സ്വന്തം വീട്ടിനുള്ളിൽ തന്നെ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്നു.

2002 -ൽ മാത്രം ഇന്ത്യയിലെ 41594735 ആൺകുട്ടികളും 62853160 പെൺകുട്ടികളും ലൈംഗിക പീഡനത്തിന് വിധേയമായി എന്ന് പിങ്കിവിരാനി 'ബിറ്റർ ചോക്ലേറ്റിൽ' പറയുന്നു. ലോകാരോഗ്യ സംഘടന 1999 -ൽ പുറത്തിറക്കിയ റിപ്പോർട്ടിൽ 14 വയസ്സിൽ താഴെ പ്രായമുള്ള 40,000,000 കുട്ടികൾ ആ വർഷം ലൈംഗികമായി പീഡിപ്പിക്കപ്പെട്ടുവെന്ന് പറയുന്നു. **അതേ സമയം ലോകത്തെ മൂന്നു പെൺകുട്ടികളിൽ ഒരാളും അഞ്ച് ആൺ കുട്ടികളിൽ ഒരാളും 18 വയസ്സിൽ താഴെ പ്രായമുള്ളപ്പോൾ ലൈംഗികമായി പീഡിപ്പിക്കപ്പെട്ടിരിക്കുമെന്നാണ് ഡോക്ടർ റസ്സൽ റോബർ ടോം ഇതേപ്പറ്റി നടത്തിയ പഠനത്തിൽ പറയുന്നത്.**

സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിലെ കണക്കുകൾ ഇതിനേക്കാൾ ഞെട്ടിക്കുന്നതാണ്. 1988 നും 2000 നും മിടയിൽ ബലാത്സംഗത്തിന് വിധേയരായിട്ടുള്ള സ്ത്രീകളിൽ ഏറ്റവും അധികം പേർ 11 വയസ്സിനും 15 വയസ്സിനും ഇടയിൽ പ്രായമുള്ള പെൺകുട്ടികളാണ് 1990 – ൽ 10 വയസ്സിൽ താഴെയുള്ള 18 കുട്ടികളും 11-15 വയസ്സ് പ്രായമുള്ള 31 കുട്ടികളും ബലാത്സംഗത്തിന് ഇരയായപ്പോൾ 2000 -ൽ അത് യഥാക്രമം 22 ഉം 114 ഉം ആയി ഉയർന്നു.

കൗമാരക്കാലം സംശയങ്ങളുടെ കാലമാണ്. സ്വയംഭോഗത്തെക്കുറിച്ചും ലൈംഗിക അനുഭൂതികളെക്കുറിച്ചും എതിർ ലിംഗവുമായുള്ള ബന്ധത്തെക്കുറിച്ചുമെല്ലാം സംശയങ്ങൾ വർധിക്കുന്ന കാലം. ഈ സംശയങ്ങളുടെ നിർവൃതി സഹപാഠികളിൽ നിന്നും അയൽക്കാരിൽ നിന്നും ഒക്കെയാവുംമ്പോഴാണ് പ്രശ്നങ്ങൾക്ക് തുടക്കമാവുന്നത്. മദ്യം ഉപയോഗിച്ചാൽ കൂടുതൽ ലൈംഗികാസക്തി ഉണ്ടാകുമെന്ന് തെറ്റിദ്ധരിപ്പിക്കപ്പെട്ട് അമിതമായി മദ്യപിച്ച് അവശനിലയിൽ ആശുപത്രിയിലായ 14 – കാരനായ കൊച്ചി സ്വദേശി ഇതിനുദാഹരണമാണ്.

പ്രമുഖനായ ഡോക്ടർമാരുടെ അഭിപ്രായത്തിൽ വെറും 2% വിദ്യാർത്ഥികൾക്കു മാത്രമേ കേരളത്തിൽ മാതാപിതാക്കളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും ലൈംഗിക അറിവുകൾ ലഭിക്കുന്നുള്ളൂ.

**എന്താണ് ഇതിനുള്ള പരിഹാരം?**

1. ലൈംഗിക വിജ്ഞാനം നൽകുന്ന വിദ്യാഭ്യാസം കൂടി നമ്മുടെ കരിക്കുലത്തിൽ ഉൾപ്പെടുത്തണം. മഹാരാഷ്ട്രയിൽ ലൈംഗിക വിദ്യാഭ്യാസം എന്ന പേരിൽ തന്നെ വിഷയം പഠിപ്പിക്കുന്നുണ്ട്.
2. സെക്സിന്റെ അതി പ്രസരമുള്ള വീഡിയോകളുടെയും സിനിമകളുടെയും ഇന്റർനെറ്റിലെ ചതിക്കുഴികളുടെയും ലോകത്താണ് ഇന്നത്തെ മലയാളി കൗമാരം. ഇതിന് അറുതിവരുത്താൻ ശരിയായ ദിശയിലുള്ള ബോധവൽകരണത്തിലൂടെയേ കഴിയൂ.

❖

# സാറിനോട്

ശിവാജി ഗണേശൻ (ബി.കോം. രണ്ടാം വർഷം)



എന്നെ അറിയുമോ? അറിയില്ലായിരിക്കാം.ദേ, മുകളിലത്തെ ഫോട്ടോ കണ്ടോ? ഇപ്പോ മനസ്സിലായില്ലേ?.... എന്താ ഒന്നും മിണ്ടാത്തെ? ഇനിയും മനസ്സിലായില്ലാ എന്നുണ്ടോ; .....? ഞാൻ പറയാം. എന്റെ പേര് സൈനബ. ഒരു വർഷം പോലും ജീവിക്കാൻ അനുവദിക്കാതെ എൻഡോ സൾഫാൻ തന്ന് കൊന്നില്ലേ! മൂലയടുക്കയിലെ സൈനബയെ, അവളാണ് ഞാൻ. വേറെ എന്തെല്ലാം കാര്യമുണ്ട് ഓർക്കാൻ അല്ലേ? ഞാൻ വന്നത് ബുദ്ധിമുട്ടായോ? വരില്ലായിരിക്കും എന്നു കരുതിക്കാണും അല്ലേ? അതിനാണല്ലോ പിറന്നു വീഴും മുമ്പേ കൊല്ലുന്നത്. പക്ഷെ വരാതിരിക്കാൻ കഴിയില്ല. സാറൊക്കെ ആരോടും പറയാതെയും പറയിപ്പിക്കാതെയും മൂടിവെക്കുന്ന കാര്യങ്ങൾ നാലു പേരറിയണം. ഇനി സാറിനോടൊന്നും പറഞ്ഞില്ല സാറൊന്നും അറിഞ്ഞില്ല എന്നൊന്നും പറയരുതല്ലോ.

'റൗണ്ട് അപ്' എന്ന കീടനാശിനിയെക്കുറിച്ച് കേട്ടിട്ടുണ്ടോ? ഇനി അറിയില്ലെങ്കിൽ പറയാം. ***ഹിരോഷിമയിലെ അണു വിസ്ഫോടനത്തിനു ശേഷം അമേരിക്ക വിയറ്റ്നാം യുദ്ധക്കാലത്ത് ഉപയോഗിച്ച മറ്റൊരു മാരക രാസായുധം. വിയറ്റ്നാമിലെ മനുഷ്യരെ കൊല്ലാൻ പ്രയോഗിച്ച 'ഏജന്റ് ഓറഞ്ച്' എന്ന മാരകവിഷം വേഷംമാറി വന്നതാണ് 'റൗണ്ട് അപ്'.*** റൗണ്ടപ്പിലെ 'ഗ്ലൈപ്പോസേറ്റ്' അർബുദവും ജനിതക വൈകല്യവും ഉണ്ടാക്കും അഞ്ചു മാസമെങ്കിലും മണ്ണിൽ നിർവീര്യമാകാതെ കിടക്കും ഇത് മണ്ണിലുള്ള സകലജീവികളെയും കൊല്ലും.

ഇതാണ് കാസർഗോഡുകാർക്കും മറ്റും എൻഡോസൾഫാനുശേഷം വിതരണം ചെയ്തത്. എങ്ങനെയുണ്ട് സാർ? നന്നായില്ലേ ഒത്തിരി നന്ദിയുണ്ട്! ഇനി ആരെങ്കിലും അവിടെ അവശേഷിച്ചെങ്കിലല്ലേ എന്നെപ്പോലുള്ളവരുടെ പ്രശ്നങ്ങൾ ഉണ്ടാവു അല്ലേ. എല്ലാവരെയും ഹിറ്റലർ ചെയ്തമാതിരി ഉൻമൂലനം ചെയ്താൽ കച്ചറയില്ലല്ലോ.!

കളകളെ നശിപ്പിക്കാൻ എന്തിനാണ് റൗണ്ട് അപ് ? ഇവിടെ തൊഴിലാളികൾ ഇല്ലാഞ്ഞിട്ടാണോ സാർ? എന്തിനാണ് ഈ വിഷമൊക്കെ കൃഷിയിടത്തിൽ തളിച്ച് കുടിവെള്ളത്തിലും വായുവിലും കലർത്തി ഞങ്ങൾക്ക് തന്ന് വലിയ തലയും ചെറിയ ഉടലുള്ളവരെയും ചാപിള്ളകളെയും അജ്ഞാത രോഗം ബാധിച്ചവരെയും അരജീവിതങ്ങളെയും ഒക്കെ സൃഷ്ടിക്കുന്നത്. മ്യൂസിയത്തിൽ ഇപ്പോൾ കാണികൾ വരാറില്ലേ? ഓ ...... ഞങ്ങളെപ്പോലുള്ളവർ ഉണ്ടെങ്കിൽ കാഴ്ചക്കാരുടെ എണ്ണോം കൂടും സർക്കാരിനു വരുമാനോം കൂടും. ഒരു വെടിക്ക് രണ്ടല്ല കുറെ പക്ഷികൾ! മനസ്സിലാക്കാൻ കുറച്ചു വൈകി ക്ഷമിക്കണം.

അല്ല, പിന്നെന്തിനാണ് ജല പരിസ്ഥിതി സംരക്ഷണ യാത്രകൾ സർക്കാർ ചെലവിൽ നടത്തുന്നത്? എന്തെങ്കിലുമൊക്കെ നടത്തണ്ടേ അല്ലേ ! 2003-മെയിൽ കേന്ദ്ര സർക്കാർ ഹൈക്കോടതി വിധിമൂലം നിയമിച്ച ഒ. പി. ദുബേ കമ്മിറ്റി എൻഡോ സൾഫാനെ കുറ്റ വിമുക്തമാക്കിയത് നന്നായി അല്ലേ? അല്ലെങ്കിൽ വിഷക്കമ്പനികൾ ഒക്കെ പൂട്ടിപ്പോയേനേ. ഇത്രയും കുഞ്ഞുങ്ങൾ മരിച്ചിട്ടും പാതി മരിച്ച് ജീവിച്ചിട്ടും എൻഡോ സൾഫാൻ മൂലമല്ല അതൊക്കെ വരുന്നതെന്ന കമ്മറ്റി റിപ്പോർട്ട് ഈ സാക്ഷര കേരളത്തിൽ വലിയ കോളിളക്കം സൃഷ്ടിക്കും എന്നാണ് കരുതിയത്. പക്ഷെ ഒന്നും സംഭവിച്ചില്ല അത്തരം കുഴപ്പക്കാർ ഒന്നും ഇന്നില്ലല്ലോ അല്ലേ. ആരും ആരെയും ശ്രദ്ധിക്കാത്തതും ആരും ആർക്കുവേണ്ടിയും വാദിക്കാത്തതും നന്നായി അല്ലേ.?

പിന്നൊരു കാര്യമുണ്ട് സാറിന്റെ ഒക്കെ മക്കൾക്കും നാളെ ഞങ്ങളുടെ അവസ്ഥ വന്നു കൂടായ്കയില്ല. ഓ നമുക്ക് ഇന്നത്തെ കാര്യമാണല്ലോ വലുത് അല്ലേ. ക്ഷമിക്കണം ഞാൻ വെറുതെ ഇങ്ങനെ....

❖

## തെരുവിന്റെ നൊമ്പരങ്ങളുമായി ആശിഖുൽ ഇസ്ലാം

രാകേഷ് (ബി.എ.എക്കണോമിക്സ്, ഒന്നാം വർഷം)

തെരുവു ബാല്യത്തിന്റെ ക്യാമറക്കാഴ്ചകൾ 'അമി' എന്ന ഡ്യോക്യുമെന്ററിയിലൂടെ അവതരിപ്പിക്കപ്പെട്ടപ്പോൾ മിഴികളിൽ ഈർപ്പത്തിന്റെ നനവറിയാത്തവരായി ആരും ഉണ്ടാകില്ല. സ്വന്തം ബാല്യത്തിന്റെ തിക്താനുഭവങ്ങൾ ക്യാമറയിൽ പകർത്തി താനടക്കമുള്ള തെരുവു ബാല്യങ്ങളുടെ നൊമ്പരങ്ങൾ അശിഖുൽ ഇസ്ലാം എന്ന പതിനൊന്നുകാരനായ സംവിധായകനിലൂടെ പുറം ലോകമറിയുമ്പോൾ എല്ലാ കണ്ണുകളും അത്ഭുതത്തോടുകൂടി അവന്റെരികിലേക്ക് പാഞ്ഞു. കഴിഞ്ഞ ജൂണിൽ ഏഥൻസിൽ നടന്ന കുട്ടികളുടെ അന്താരാഷ്ട്ര ചലചിത്രോത്സവത്തിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്തത് ആശിഖു ഇസ്ലാമിന്റെ 'ആമി'യാണ് എന്നു കൂടി കേൾക്കുമ്പോൾ അവന്റെ നിശ്ചദാർണ്ഡ്യവും കഠിനാധ്വാനവും നമ്മെ അതിശയപ്പെടുത്തുന്നു.

> സ്വന്തം ജീവിതത്തിന് ദൃശ്യാവിഷ്കാരം നൽകി 'അമി' (ഞാൻ) എന്ന 20 മിനിറ്റ് ദൈർഘ്യമുള്ള ഡോക്യുമെന്ററിയാണ് ഇന്ത്യയെ എന്നല്ല ഏഷ്യയെയും പ്രതിനിധീകരിച്ച് ഏഥൻസിലെത്തിയത്

"ഞാൻ വളർന്ന് വലുതായാൽ കൂടുതൽ സിനിമകളെടുക്കും. കുഞ്ഞുങ്ങളുടെ അവകാശങ്ങൾ ലോകത്തോട് വിളിച്ചുപറയുന്നവ ആയിരിക്കും അവ. തെരുവിന്റെ ആരവങ്ങളിൽ ഒടുങ്ങുന്ന ഒരു പാട് ജീവിതങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. ഫുട്പാത്തിൽ അലയുന്ന ബാല്യത്തിന്റെ നീറ്റൽ എന്റെ കുരുന്നു മനസ്സിലിപ്പോഴുമുണ്ട്. എന്റെ കൂട്ടുകാരിൽ പലരുടെയും ഇളം കൈകളിൽ റിക്ഷ വലിച്ചതിന്റെ തഴമ്പു കാണാം. ഞങ്ങളെന്തു തെറ്റു ചെയ്തു ? ഇയ്യാം പാറ്റകളെപ്പോലെ തെരുവിൽ ഒടുങ്ങേണ്ടവർ അല്ല എന്റെ കൂട്ടുകാർ. അവർക്കു വേണ്ടി ഞാനെന്റെ സിനിമകളിലൂടെ പോരാടും." പശ്ചിമ ബംഗാളിലെ ബംഗാറിന്റെ തെരുവുകളിൽ ആട്ടും തുപ്പുമേറ്റു വളർന്ന പതിനൊന്നുകാരൻ ആശിഖുൽ ഇസ്ലാമിന്റെതാണ് ആത്മവിശ്വാസം തുളുമ്പുന്ന ഈ വാക്കുകൾ.

സ്വന്തം ജീവിതത്തിന് ദൃശ്യാവിഷ്കാരം നൽകി 'അമി' (ഞാൻ) എന്ന 20 മിനിറ്റ് ദൈർഘ്യമുള്ള ഡോക്യുമെന്ററിയാണ് ഇന്ത്യയെ എന്നല്ല ഏഷ്യയെയും പ്രതിനിധീകരിച്ച് ഏഥൻസിലെത്തിയത് എന്ന് സ്വപൻ മുഖർജി (Centre for communication and Development Director) സാക്ഷ്യപ്പെടുത്തുമ്പോൾ അത് ഈ കലാകാരന്റെ മിടുക്കിനുള്ള സാക്ഷ്യപത്രവും ആകുന്നു. സ്വപൻ മുഖർജിയുടെ അഗതി മന്ദിരത്തിൽ അശിഖുൽ എത്തിയതോടെയാണ് അവന് നഷ്ടബാല്യത്തിന്റെ വർണ്ണപ്പൊട്ടുകൾ തിരിച്ചുകിട്ടാൻ തുടങ്ങിയത്.

ആശിഖിനുവേണ്ടി ക്യാമറ ചലിപ്പിച്ചത് തെരുവിന്റെ ചൂടും ചൂരുമേറ്റു വളർന്ന പതിനൊന്നുകാരനായ സൈഫുൽ മന്തലെന്ന കൊച്ചു കൂട്ടുകാരനാണെന്നറിയുമ്പോൾ സവിശേഷത




കൾ ഏറുകയാണ്.

ദരിദ്ര കുടുംബത്തിലാണ് ആശിഖിന്റെ ജന്മം. ദുരിതങ്ങളില്ലാത്ത ലോകത്തേക്ക് പിതാവ് നേരത്തെ യാത്രയായി. പിന്നെ അവശേഷിച്ചത് അന്നത്തിനു വേണ്ടി അലയുന്ന അമ്മയായിരുന്നു. തെരുവിന്റെ നോവുകൾ തിരിച്ചറിയാൻ തുടങ്ങുന്നതിനു മുമ്പേ മരണം ഉമ്മയെ കവർന്നെടുത്ത് അവനെ തെരുവിലെക്കയച്ചു. നാലുവയസ്സുപോലുമാവും മുമ്പേ അവൻ അനാഥത്വത്തിന്റെ വേദനയറിയാൻ തുടങ്ങി. അലറിക്കരയുമ്പോഴും ഉമ്മ വരുമെന്നവൻ പ്രതീക്ഷിച്ചു. കാരണം മരണമെന്തെന്നവനറിഞ്ഞുകൂടായിരുന്നു. കുഞ്ഞിക്കൈകളുയർത്തി പിച്ചയെടുത്ത് ജീവിതത്തോട് പോരുതാൻ തുടങ്ങിയപ്പോൾ അവനവശേഷിച്ചത് പന്ത്രണ്ട് വയസ്സുകാരനായ ജ്യേഷ്ഠൻ അഹ്റാദ് മാത്രമായിരുന്നു. ഒരു തുകൽ ഫാക്ടറിയിൽ കുട്ടിത്തൊഴിലാളിയായിരുന്ന അഹ്റാദ് തെരുവിലലഞ്ഞിരുന്ന കുഞ്ഞനിയനെ കൂടെ നിർത്തി. അഞ്ചു വയസ്സിന്റെ മൂപ്പെത്തിയ അവന്റെ കരങ്ങളിൽ ലെതർ ബെൽറ്റുകളിൽ പശതേച്ചു പിടിപ്പിക്കുന്ന ജോലി വന്നു ചേർന്നു. ആശിഖിന്റെ പിഞ്ചുകരങ്ങളിൽ ഒതുങ്ങുന്നതല്ല ഈ ജോലി എന്ന് വന്നപ്പോൾ അഹ്റാദിന് തന്റെ നിലനിൽപിന് വേണ്ടി അവനെ തെരുവിന് വിട്ടുകൊടുക്കേണ്ടിവന്നു.

കരുണ വറ്റിയ തെരുവിൽ വാടിത്തളരാൻ അവന് മനസ്സില്ലായിരുന്നു. രണ്ടു നേരത്തെ ആഹാരം പ്രതിഫലമായി അവൻ ഒരു ചായക്കടയിൽ തൊഴിലാളിയായി. അവിടെ നിന്ന് ഒരു ബേക്കറിയിൽ പിന്നൊരു തുകൽ ഫക്ടറിയിൽ അങ്ങനെയങ്ങനെ അവന്റെ വയറിന് മൂന്നുനേരം ഭക്ഷണവും തെരുവിന്റെ ബഹളങ്ങളില്ലാത്ത രാത്രികളും സ്വന്തമായി. ഇവിടെ നിന്നാണവൻ അഗതി മന്ദിരത്തിലെത്തുന്നത്. ഇവിടെയവന് ഒരു രണ്ടാം ജന്മം കിട്ടി. 'സത്യജിത്റേ'യുടെ പാത പിന്തുടരാനുള്ള 'പഥേർ പാഞ്ചാലി'കളുടെ ആവേശം ഉൾക്കൊള്ളാനുള്ള ഒരു പുതിയ ജീവിതം. ❖

## വിദ്യാലയങ്ങളിലേയ്ക്ക്

ഷാഹുൽ അമീൻ. കെ.ടി. (ബി.എ.സോഷ്യോളജി, രണ്ടാം വർഷം)

**സീൻ ഒന്ന്: പറിച്ചുനടൽ**

കോഴിക്കോട് ജില്ലയിലെ നരിക്കുനി സ്വദേശി അബ്ദുൽ ഖാദർ 'പെരുത്ത' കഷ്ടത്തിലായിരുന്നു. രണ്ട് നേരത്തെ അരചാൺ വയറിനായി പാടുപെടുമ്പോൾ, ഒരു നേരത്തെ ഭക്ഷണമെങ്കിലും കിട്ടുമല്ലോ എന്നു കരുതി, മകൻ നിഷാദിനെ സ്ഥലത്തെ സർക്കാർ സ്കൂളിൽ തന്നെ ചേർത്തു. അൽപം പിടിച്ചു നിൽക്കാനായപ്പോൾ സർക്കാർ സ്കൂളിലെ 'മാഷമ്മാര്' കാലു പിടിച്ചു കരഞ്ഞിട്ടും, അബ്ദുൽ ഖാദർ ടി.സി.വാങ്ങി അഭിമാനത്തോടെ മലയാളം മീഡിയം സ്കൂളിന്റെ പടിയിറങ്ങി.

ഈ അദ്ധ്യയന വർഷം മുതൽ നിഷാദ് പന്ത്രണ്ട് കിലോമീറ്റർ അകലെയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പോയിത്തുടങ്ങി.

അബ്ദുൽ ഖാദർ നാട്ടിലെ ഉപ്പുപെട്ടിയുടെ മുകളിൽ കയറിയിരുന്നു 'മൊഞ്ചിൽ' പറയും.

"മോന് ഇംഗ്ലീഷ് മീഡിയാ..."

സ്വപ്നങ്ങൾ നിറഞ്ഞുകവിയുമ്പോൾ യാഥാർത്ഥ്യമാവാൻ നമ്മൾ കൊതിക്കും.

"ഒരു ഡോക്ടറായിില്ലെങ്കി, ഒരു കമ്മോണ്ടറെങ്കിലും..."

**സീൻ രണ്ട്: വരണ്ട മാനവികത**

കോഴിക്കോട് ജില്ലയിലെ ഒരു മാനേജ്മെന്റ് പ്ലസ്ടു വിദ്യാർത്ഥിനിയായിരുന്നു രഞ്ജിനി. 'വാടാ.... പോടാ...' പിള്ളേരുടെ ഭാഷയിൽ പുസ്തകപ്പുഴു. അദ്ധ്യാപകരുടെ കണ്ണിലുണ്ണി. കെമിസ്ട്രിയുടെ പ്രാക്ടിക്കൽ പരീക്ഷയുടെ തലേനാളും പതിവുപോലെ രാത്രിയെ ജീവനുള്ളതാക്കി. ഉറക്കം വരണ്ടെ? രഞ്ജിനി ചോദിക്കുന്നു.

ലാബിലേയ്ക്ക് വലിഞ്ഞുമുറുകിയ മുഖവുമായി രഞ്ജിനി നടന്നുനീങ്ങി. ഗാഢ സൾഫ്യൂരിക്കാസിഡ് ടെസ്റ്റ്യൂബിലൊഴുക്കുമ്പോൾ കണ്ണൊന്നു മാളിപ്പോയി. പെട്ടെന്നാണ് ചുരിദാറ് കരിഞ്ഞുപോയത്. മുൻകൈ പൊള്ളിപ്പോയത്.

പൊള്ളിയ കൈയുമായി മുന്നിലെത്തിയപ്പോൾ പുച്ഛമായിരുന്നു അദ്ധ്യാപകനെന്ന് രഞ്ജിനി. "വേണ്ടപോലെ പ്രിപ്പയർ ചെയ്യാഞ്ഞിട്ടാണ്, പേടി കൊണ്ടാണ്..."

രണ്ടുവർഷം മുഴുവനും പേടി ഊതി വീർപ്പിച്ച് പൊടുന്നനെ പേടിക്കരുതെന്ന് പറഞ്ഞാൽ എന്താണ് പറയേണ്ടതെന്നറിയില്ലാ എന്ന് രഞ്ജിനി. രഞ്ജിനിയെ നടുക്കിയത് മറ്റൊന്നാണ്. പത്തേ മുപ്പതിന് കൈ പൊള്ളിയ തന്നെ ആശുപത്രിയിൽ പോലും കാണിക്കാതെ 2.30ന് പ്രാക്ടിക്കൽ ചെയ്യിപ്പിച്ച അദ്ധ്യാപകരുടെ മുഖമാണ്.

ഇവിടെയും ശരാശരി മലയാളി പറയും. "വിജയത്തിലേയ്ക്കുള്ള വഴി പൂവിരിച്ചത് മാത്രമല്ല..."

**സീൻ മൂന്ന് : ചെറിയ ബുദ്ധിയും വലിയ മോഹവും**

ശരാശരിയിലും താഴ്ന്ന വിദ്യാർത്ഥിയാണ് താനെന്ന് രാജീവിനറിയാം. പക്ഷെ ഇത് മറ്റുള്ളവർ സമ്മതിക്കേണ്ടേ? രാജീവ് ചോദിക്കുന്നു. 2002ൽ രാജീവ് പ്ലസ്ടു പാസായി അന്നും മെഡി

ക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസെഴുതി. റാങ്ക് യഥാക്രമം 15000നും 20000നും അടുത്ത്. ട്യൂഷൻ മാസ്റ്റർ, അച്ഛൻ, അമ്മ, മാമൻ എല്ലാവരും പറഞ്ഞു, വീണ്ടും എഴുതിയാൽ കിട്ടുമെന്ന്. രാജീവ് വീണ്ടും വീണ്ടും എഴുതി. ഇന്ന് രാജീവിനൊരുതരം മരവിപ്പ്. ഒരു ചാൻസുണ്ടെങ്കിൽ വീണ്ടുമെഴുതേണ്ടിവരുമെന്ന് രാജീവിനുറപ്പാണ്.

**സീൻ നാല്: വിദ്യാർത്ഥികൾ തന്നെ ശരണം**

തോമസ് 'മാഷ്' 'പിള്ളേരുടെ' വീടിനു മുന്നിൽ കാറു നിറുത്തി ഹോണടിക്കും. പിന്നെ സ്ഥിരം തന്റെ കാറിൽ വരുന്ന 'പിള്ളേരേ'യും കൂട്ടി സ്കൂളിലേയ്ക്ക്. സർക്കാർ സ്കൂളിലെ തന്റെ ജോലി നഷ്ടപ്പെടുമെന്ന ഭയം മൂലമാണ് ഇവരെ കൊണ്ടുവരുന്നത്. മറ്റുള്ളവർ തന്റെ കാറിൽ കയറുന്നത് സഹിക്കാത്ത മാഷ് അതെങ്ങനെ സഹിക്കുന്നു?

മകനെ കാലത്തുതന്നെ പ്രൈവറ്റ് സ്കൂളിൽ വിട്ട് വീട്ടിൽ പോയി ചായ കുടിച്ചതിനുശേഷമാണ് 'മാഷ്' കുട്ടികളെയും തേടിയിറങ്ങുന്നത്.

**സീൻ അഞ്ച് : സ്വപ്നങ്ങൾ യാഥാർത്ഥ്യമാവാൻ...**

'വിദ്യാധനം സർവ്വധനാൽ പ്രധാന'മെന്ന് മലയാളികൾ തിരിച്ചറിഞ്ഞതാണ്. അതിനാലാണ് വിദ്യയുമായി ബന്ധപ്പെടുന്നവ നമ്മുടെ സ്വപ്നങ്ങളാവുന്നത്. ഇവിടെയാണ് നമ്മൾപോലും അപഹരിക്കപ്പെടുന്ന കാലത്ത് നാം നമ്മുടെ കുട്ടികളെവെച്ച് സ്വപ്നം കാണുന്നത്.

കുഞ്ഞുങ്ങൾ കഴുത്ത് വരിഞ്ഞുമുറുക്കി, ഭാരം ചുമന്ന്, ഉറക്കം കളഞ്ഞ് കഷ്ടപ്പെടുമ്പോൾ നമുക്കാഹ്ലാദമാണ് മനസ്സുനിറയെ. സ്വപ്നങ്ങൾ യാഥാർത്ഥ്യമാവുമെന്ന ശുഭപ്രതീക്ഷ.

ഇത് ജബ്ബാർ, പൂനൂർ. മണൽകാട്ടിൽ ജോലി ചെയ്ത് മകന്റെയും മകളുടെയും വിദ്യാഭ്യാസം മുടങ്ങാതിരിക്കാൻ കടം വാങ്ങിയെങ്കിലും പണം അയച്ചുകൊണ്ടേയിരിക്കുന്നു. ഒരു മാസത്തെ ലീവിന് നാട്ടിലെത്തിയതാണ്. "വയസ്സുകാലത്ത് മകന്റെയൊപ്പം താമസിക്കണം, അവനൊരു ജോലി വേണം. അതിനാണ് കഷ്ടപ്പെടുന്നത്."

ഇത് ഏതൊരു മാതാപിതാക്കളുടെയും സ്വപ്നമാണ്. അത് പുലരുകയും വേണം. എന്നാലീ ലക്ഷ്യത്തിനായി നമ്മൾ കാട്ടിക്കൂട്ടുന്ന ക്രിയകളെന്തൊക്കെയാണ്.

**സീൻ 6 : മൊട്ട് വിരിയും മുൻപ്...**

കുട്ടിക്ക് മാനസിക വളർച്ച പൂർത്തിയാവണമെങ്കിൽ അഞ്ച് വയസ്സെങ്കിലും കഴിയണമെന്ന ശാസ്ത്രത്തോട് പോവാൻ പറഞ്ഞ് നമ്മൾ കുഞ്ഞുങ്ങളെ മൂന്നാം വയസ്സിലേ വിദ്യാലയങ്ങളിലേക്കയക്കുന്നു. മൂന്നാം വയസ്സിൽ അക്ഷരം പഠിച്ചു തുടങ്ങുന്ന കുട്ടികളെ അഞ്ചാം വയസ്സിൽ 'ഹരിശ്രീ' എഴുതിപ്പിച്ച് സരസ്വതി ദേവിയുടെ നാവടയ്ക്കുന്നു. കുട്ടികൾ കടിച്ചാൽ പൊട്ടാത്ത ഭാഷകളിലേയ്ക്ക്, കണക്കിന്റെ ആഴാത്ത കുരുക്കിലേയ്ക്ക്, ശാസ്ത്രത്തിന്റെ ലോകത്തേയ്ക്ക്, ഐ.ടി.യുടെ പ്രപഞ്ചത്തിലേയ്ക്ക്. വലിച്ചെറിയപ്പെടുന്നു. പിന്നെ മൽപിടുത്തം തന്നെയാണ്. ഒന്നെങ്കിൽ നമ്മുടെ കുഞ്ഞുങ്ങൾ... അല്ലെങ്കിൽ ഈ വിദ്യാഭ്യാസ സമ്പ്രദായം .... ഇവിടെ മാതാപിതാക്കളും കഠിനമായി പ്രവർത്തിക്കേണ്ടിവരുന്നു.

**സീൻ 7 : വിദ്യ അന്യമാവുമ്പോൾ...**

വേരുകളിലേയ്ക്ക് ബന്ധമില്ലാത്ത, തന്നെക്കുറിച്ച് പറയാത്ത, പറഞ്ഞാലും മനസ്സിലാവാത്ത ഈ പ്രയാണം തുടർന്നുകൊണ്ടേയിരിക്കുന്നു. കോഴിക്കോട് നഗരത്തിലെ



പ്രശസ്തമായ ഒരു സ്ഥാപനത്തിൽ ആറാം ക്ലാസിൽ പഠിക്കുകയാണ് ജസ്ന. തനി നാട്ടുമ്പുറത്തുകാരി. പുഴകൾ ഒഴുകി കടലിൽ എത്തുമ്പോഴാണ് അവൾക്ക് നഗരം. സ്കൂളും ഏറെ അങ്ങനെ തന്നെ. "സാറന്മാരും ചില കുട്ടികളുമൊക്കെ പറയുന്നത് സത്യത്തി മനസ്സിലാവൂല. ന്നാലും ഞാന്തലാട്ടും. അല്ലാണ്ട്ന്താക്കാനാ?"

വിദ്യാഭ്യാസം സ്വഭാവരൂപീകരണത്തിലേയ്ക്കും വ്യക്തിത്വ വികാസത്തിലേയ്ക്കുമെന്ന വർണ്ണാശ്രമ ധർമ്മത്തിലെ ബ്രഹ്മചര്യ ചിന്തയുടെയും ആധുനിക മാനവിക സിദ്ധാന്തത്തിന്റെയും കടയ്ക്കൽ തന്നെയാണ് കത്തി വെച്ചിരിക്കുന്നത്. "ചൈനയിൽ പോയെങ്കിലും ഇൽമ്(വിജ്ഞാനം) പഠിക്കണമെന്ന് പ്രവാചകൻ പറഞ്ഞെന്ന് നാഴികയ്ക്ക് നാൽപ്പതുവട്ടം പറയുന്നവർപോലും എന്ത് തങ്ങളുടെ കുട്ടികൾ പഠിക്കണമെന്ന കാര്യത്തിൽ മൂകരാണ്.

**സീൻ 8 : ട്രിക്, സ്കോപ്പിനെ നിർമ്മിക്കുന്നു.**

ജസ്നയുടെ പിതാവ് പറയുന്നു: "അവള് വന്നാ തൊടങ്ങും വായനയും എഴുത്തും. ഇനിക്കിതൊന്നും തിരിയൂല." അദ്ദേഹം ഇതു കൂടി ചേർത്തു. "മാസത്തിൽ 2000 ഉറുപ്യെങ്കിലും ഓക്ക് ചെലവാ."


ഓരോ രക്ഷിതാവും കച്ചവടക്കാരുടെ കൈകളിലെക്കാണ് കുട്ടികളെ എറിഞ്ഞുകൊടുക്കുന്നത്. അവർക്കാവശ്യം പണവും. തങ്ങളിലേയ്ക്കാകർഷിക്കാൻ അവരോരോ അപ്പക്കഷ്ണങ്ങളും വെച്ചുനീട്ടുന്നു. അത് തൊഴിൽ വാഗ്ദാനമോ, ഫ്രീമെസ്സോ, ഫ്രീയാത്രയോ, എസ്കർഷനോ എന്തുമാവാം. ഒന്നുകൂടി. അവർ തന്നെയാണ് 'തൊഴിൽ സ്ക്കോപ്പെന്ന്' പറഞ്ഞ് മുഖ്യധാരകൾ അടക്കിവാണ് കുട്ടികളുടെ ഭാവി തിരിക്കുന്നത്.

**സീൻ 9: വിവേചന വിദ്യാഭ്യാസം**

ഗോപാലന്റെ അച്ഛൻ ജാതി സമ്പ്രദായത്തിന്റെ എല്ലാ ചീത്തവശങ്ങളും ഏൽക്കേണ്ടിവന്ന മനുഷ്യനാണ്. ചാണകം

---

നമ്മുടെ കുഞ്ഞുങ്ങൾ ഒരു പക്ഷേ ഡോക്ടർമാരും എൻജിനിയർമാരും ആയേക്കാം. മാതാപിതാക്കൾക്ക് ചെലവായ കാശ് വൃദ്ധസദനങ്ങളിലേക്ക് അയച്ചുകൊടുത്തേക്കാം. ചെറുപ്പത്തിൽ ഞെക്കിപ്പഴുപ്പിച്ചത് മൂലം കലാകാരനായേക്കാം... എന്നാൽ നിങ്ങളുടെ ബാല്യം പുഴയോടും പൂവിനോടും പൂമ്പാറ്റയോടും പട്ടിണിയോടും ദാരിദ്രത്തോടും മല്ലിട്ടതാണെന്ന് മാത്രം പറയരുത്. കാരണം അതവർക്ക് നഷ്ടപ്പെടുത്തിയത് നാം തന്നെയാണ്.




കോരിയും കൊത്തിയും മാന്തിയും ജീവൻ ഇറങ്ങിപ്പോ വേണ്ടി വന്നയാൾ. അതിനാലാവാം ഗോപാലൻ മകനെ മുന്തിയ വിദ്യാലയത്തിൽ തന്നെ അയച്ചത്. സുഹൃത്ത് അവിടത്തെ അദ്ധ്യാപകനാണ്. ഗോപാലന്റെ മകനെ കുറിച്ച് സുഹൃത്ത് പറയുന്നു. "കരുവാളിച്ച മുഖവും കുഴിഞ്ഞ കണ്ണുകളുമാണവന്ന്. ഫുൾടൈം അവന്റെ നോട്ടം മുൻബെഞ്ചിലിരിക്കുന്ന കുട്ടികളുടെ തുടുത്ത കവിളിലേക്കായിരിക്കും. അല്ലെങ്കിലവരുടെ വസ്ത്രങ്ങളിലോ വസ്ത്രങ്ങളിലൊതുങ്ങാത്ത ദേഹത്തേയ്ക്കോ ആയിരിക്കും. ഒരക്ഷരം പഠിക്കൂല."

താഴെതട്ടിലുള്ള വിഭാഗങ്ങളെ ഉയർത്തിയെടുക്കേണ്ട അദ്ധ്യാപകർ തന്നെ ഇവരെ മനസ്സിലും. ബെഞ്ചിലും പിന്നിലാക്കിയത്. ഒരുപക്ഷെ നിനക്കറിയാതെയാവാം. പക്ഷെ ഒരു കാര്യം വിദ്യാ എല്ലാവനും അഭ്യസിക്കാവുന്നതല്ലായിരിക്കുന്നുവോ?

**സീൻ 10 : അനന്തര ഫലങ്ങൾ**

ജസ്ന ഇപ്പോൾ സ്ഥിരമായി കണ്ണട ധരിക്കുന്നു. കണ്ണട ഒന്നു മാറ്റുമ്പോഴേയ്ക്കും ശക്തിയായ തലവേദന. നിഷാദ് ക്ലാസിൽ പോയിത്തുടങ്ങിയിട്ട് ഒരു മാസമേ ആയിട്ടുള്ളൂ. ഇടക്ക് ഉമ്മയോട് ഊര വേദനിക്കുമെന്ന് പറയും. രാജീവിന് വിദ്യാഭ്യാസ മന്ത്രി പി.ജെ.ജോസഫാണ് കാരണം. അവൻ പത്രങ്ങൾ ആഴത്തിൽ വായിച്ചിട്ട് നായനാർ അധികാരത്തിൽ നിന്നിറങ്ങിപ്പോയ അത്രയും ആഴമുണ്ട്. (കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. പുതു തലമുറയ്ക്ക് ഇവയൊക്കെ അപ്രസക്തം) നെഞ്ചിലെ ചാപ്പകുത്തിൽ നോക്കി വണ്ടിയിലേയ്ക്ക് കയറ്റിനോക്കിയപ്പോൾ രേശ്മയുടെ കൈ ഒടിഞ്ഞിട്ടുണ്ട്. ഇടത്തെ കൈയ്ക്ക് ഇപ്പോഴും ഒരു ശക്തികുറവ് പോലെ. ജസ്നയുടെ പിതാവിന് ഞായറാഴ്ചകൾ മുമ്പ് 'ഒഴിവുദിവസങ്ങളായിരുന്നു. ഇന്ന് മൂപ്പർക്ക് വർഷത്തിൽ 365¼ ദിവസവും ജോലിക്ക് പോയേ മതിയാവൂ. ഇല്ലെങ്കിൽ ജസ്നയ്ക്ക് ഫീസ് കൊടുക്കാൻ പറ്റുമോയെന്ന് അദ്ദേഹം തിരിച്ചു ചോദിക്കുന്നു.

നമ്മുടെ കുഞ്ഞുങ്ങൾ ഒരു പക്ഷേ ഡോക്ടർമാരും എൻജിനിയർമാരും ആയേക്കാം. മാതാപിതാക്കൾക്ക് ചെലവായ കാശ് വൃദ്ധസദനങ്ങളിലേക്ക് അയച്ചുകൊടുത്തേക്കാം. ചെറുപ്പത്തിൽ ഞെക്കിപ്പഴുപ്പിച്ചത് മൂലം കലാകാരനായേക്കാം... എന്നാൽ നിങ്ങളുടെ ബാല്യം പുഴയോടും പൂവിനോടും പൂമ്പാറ്റയോടും പട്ടിണിയോടും ദാരിദ്രത്തോടും മല്ലിട്ടതാണെന്ന് മാത്രം പറയരുത്. കാരണം അതവർക്ക് നഷ്ടപ്പെടുത്തിയത് നാം തന്നെയാണ്. നാം അനുഭവം ഗുരുവാക്കി എന്ന് പറയരുത്. അനുഭവത്തിന് വിലയില്ലാത്ത ഒരു പാഠശാലയിലേക്കാണ് നാം അവരെ വിടുന്നത്.

**സീൻ 11 : ഒടുക്കം.**

ഭാരിച്ച ചുമടും, കുന്നുകൂടിയുള്ള യാത്രയും, ശ്വാസം മുട്ടുന്ന പഠനാന്തരീക്ഷവും, ഉറങ്ങാനുള്ളതല്ലാത്ത രാവുകളും, മത്സരക്കളരികളും അരങ്ങു വാഴുമ്പോൾ ജീവിതമിറങ്ങി പോവാൻ നമ്മുടെ കുഞ്ഞുങ്ങൾ ആഗ്രഹിച്ചേക്കാം.

"അല്ലെങ്കിൽ ക്ലാസിൽ ഒറ്റക്കിരിക്കുമ്പോൾ അക്ഷരങ്ങൾ തന്നെ വിഴുങ്ങാൻ അവർ ആഗ്രഹിച്ചേക്കാം."

കാരണം ഇവിടെ 'ഓപ്ഷൻസ്' കുറവാണ്.

*(ബിജു നടുമുറ്റത്തിന്റെ 'മോഷണം' എന്ന കവിതയോട് കടപ്പാട്. ഇതിലെ പേരുകൾ യഥാർത്ഥമല്ല.)*